## പാഠം: 3: രാഷ്ട്രപതിയുടെ നിയമനിർമ്മാണ അധികാരങ്ങൾ.-

**123** പാർലമെന്റിന്റെ പ്രവാസമായ ഇടവേളയിൽ കല്പനകൾ പുറപ്പെടുവിക്കാനുള്ള രാഷ്ട്രപതിയുടെ അധികാരം.

**ചോ:** കല്പനകൾ പുറപ്പെടുവിക്കുവാൻ രാഷ്ട്രപതിയെ അനുവദിക്കപ്പെടുന്നത് എപ്പോഴാണ്?

ഉ: പാർലമെന്റ് സമ്മേളനം ഇല്ലാതിരിക്കുമ്പോൾ, രാഷ്ട്രപതി ചെയ്യേണ്ടുന്ന പ്രവർത്തനത്തിനു നിർബന്ധിതനാകുമ്പോൾ ആ വിധം കല്പനകൾ പുറപ്പെടുവിക്കുന്നു.

**ചോ:** കല്പനകളുടെ ഫലം എന്താണ്?

ഉ: രാഷ്ട്രപതി പ്രഖ്യാപനം ചെയ്യുന്ന കല്പനകൾക്ക് പാർലമെന്റ് നിയമങ്ങളുടെ അതേ ഫലം ഉണ്ട്.

**ചോ:** ഒരു കല്പന നിയമസാധുത ഉള്ളതായിരിക്കുവാൻ ആവശ്യമായിരിക്കേണ്ടതെന്താണ്?

ഉ: കല്പനകൾ വിളംബരം ചെയ്തതിനു ശേഷം പാർലമെന്റിലെ ഇരുസഭകളുടെയും അംഗീകാരത്തിനുവേണ്ടി അവയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടത് ആവശ്യമാണ്.

**ചോ: ഒരു കല്പനയുടെ പ്രവർത്തനം നിലയ്ക്കുന്നത് എപ്പോഴാണ്?**

ഉ: പാർലമെന്റിന്റെ പുനർ അസംബ്ലിയിൽ നിന്നും 6 ആഴ്ചകൾക്ക് ശേഷമാണ് ഈ കല്പനയുടെ പ്രവർത്തനം നിലയ്ക്കുന്നത്. അല്ലെങ്കിൽ ഈ പ്രമേയത്തിനു ഒരു അംഗീകാരം കിട്ടാത്ത 6 ആഴ്ച കാലാവധിക്കുമുമ്പ് ഈ കല്പനയുടെ പ്രവർത്തനം നിലയ്ക്കുന്നു. രാഷ്ട്രപതിക്ക് ഏതു സമയവും ഈ കല്പന പിൻവലിക്കാവുന്നതാണ്.

**ചോ: എപ്പോഴാണ് കല്പനകൾ അസാധുവായി തീരുന്നത്?**

ഉ: ഏതെങ്കിലും ഒരു കല്പനയിലൂടെ രാഷ്ട്രപതി ഒരുക്കാനിക്കണം സ്വയം നിശ്ചയിക്കുകയാണെങ്കിൽ, ആ കൃതി കണ്ടെത്തൽ പാർലമെന്റിന് അയോഗ്യമായി കണ്ടാൽ ഇത് അസാധുവായിരിക്കും.

## പാഠം 4: യൂണിയൻ നീതിന്യായ വിഭാഗം

### *124* സുപ്രീം കോടതിയുടെ സ്ഥാപനവും ഭരണഘടനയും

**ചോ: യൂണിയൻ നീതിന്യായ വിഭാഗത്തിൽ എന്തെല്ലാം ഉൾക്കൊള്ളുന്നു?**

ഉ: ഒരു ചീഫ് ജസ്റ്റിസും അനവധി ജഡ്ജിമാരും ഇതിൽ ഉൾക്കൊള്ളുന്നു. പാർലമെന്റിന്റെ കാലാകാലങ്ങളിലുള്ള ആവശ്യമനുസരിച്ച് സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണവും വർദ്ധിക്കുന്നു. ഇപ്പോൾ സുപ്രീം കോടതിയിൽ 26 ജഡ്ജിമാരാണ് ഉള്ളത്.

ചോ: സുപ്രീം കോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നത് ആരാണ്?

ഉ: പ്രസിഡന്റിന് മാത്രമാണ് ഈ അധികാരമുള്ളത്.

ചോ: രാഷ്ട്രപതി, സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരോട് ചർച്ച നടത്തണം എന്നത് അത്യാവശ്യമാണോ?

ഉ: ഈ കാര്യത്തിന് വളരെ അത്യാവശ്യമാണെന്ന് രാഷ്ട്രപതിക്ക് തോന്നുകയാണെങ്കിൽ സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരോട് ചർച്ച ചെയ്തിരിക്കണം.

ചോ: സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസുമായി ആലോചിക്കാൻ ബാദ്ധ്യസ്ഥനാണോ?

ഉ: മറ്റ് ജഡ്ജിമാരെ നിയമിക്കുന്നതിൽ സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസുമായി ആലോചിക്കാൻ ബാദ്ധ്യസ്ഥനാണ്.

ചോ: സുപ്രീം കോടതിയിൽ ഒരു ജഡ്ജിയ്ക്ക് എത്രകാലം ഈ പദവിയിൽ സേവനം അനുഷ്ഠിക്കാം?

ഉ: ഒരാൾ 65 വയസ്സ് തികയുന്നത് വരെ അയാൾക്ക് തന്റെ പദവിയിൽ തുടരാവുന്നതാണ്.

ചോ: സുപ്രീം കോടതിയിലെ ഒരു ജഡ്ജിയ്ക്ക് തന്റെ പദവിയിൽ നിന്ന് രാജി വെയ്ക്കാനാവുമോ?

ഉ: രാഷ്ട്രപതിക്ക് രാജി എഴുതി അയച്ചതിന് രാജി വെയ്ക്കാവുന്നതാണ്.

ചോ: ഒരു സുപ്രീം കോടതി ജഡ്ജിയെ തന്റെ

പദവിയിൽ നിന്നും പിരിച്ചു വിടാനാവുമോ?

ഉ: രാഷ്ട്രപതിക്ക് മാത്രമേ അദ്ദേഹത്തെ പിരിച്ചുവിടാനാവുകയുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ പിരിച്ചു വിടലിനു മുമ്പ് ചില ഭരണഘടനാ നടപടികൾ പിന്തുടരേണ്ടതാണ്.

**ചോ: സുപ്രീം കോടതി ജഡ്ജിയെ പിരിച്ചുവിടുന്നതിന് പിൻതുടരേണ്ട നടപടികൾ എന്തെല്ലാം**

ഉ: ഓരോ സഭയിലെയും ഹാജരുള്ള ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗം അംഗങ്ങൾ ഒരു സുപ്രീം കോടതി ജഡ്ജിയെ പിരിച്ചു വിടാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കിയിരിക്കണം. അതിലേക്ക് സഭയുടെ ആകെ അംഗങ്ങളുടെ ഭൂരിപക്ഷം വരുന്ന അംഗങ്ങൾ വോട്ട് ചെയ്തിരിക്കണം. അങ്ങനെ പാസ്സാക്കപ്പെട്ട പ്രമേയം രാഷ്ട്രപതിക്ക് സമർപ്പിക്കണം. അതിന്റെ ഫലമായി രാഷ്ട്രപതി ആ ജഡ്ജിയെ പിരിച്ചുവിടുന്നതാണ്.

**ചോ: എന്തു കാരണത്താലാണ് ജഡ്ജിയെ പിരിച്ചു വിടുന്നത്?**

ഉ: തെളിയിക്കപ്പെട്ടിട്ടുള്ള കഴിവുകേടോ സ്വഭാവ ദോഷമോ ആധാരമാക്കി അദ്ദേഹത്തെ പിരിച്ചു വിടാവുന്നതാണ്.

**ചോ: പാർലമെന്റിന് സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ, ജഡ്ജിമാരുടെ സ്വഭാവത്തെക്കുറിച്ച് ചർച്ച ചെയ്യാമോ?**

ഉ: ഇല്ല.

**ചോ: സുപ്രീം കോടതി ജഡ്ജിമാരുടെ വേതനം നിശ്ചയിക്കാനുള്ള അധികാരം ആർക്കാണ്?**

ഉ: പാർലമെന്റിന് ആണ് സുപ്രീം കോടതി ജഡ്ജിമാരുടെ വയസ്സ് നിശ്ചയിക്കുന്നതിനുള്ള അധികാരം ഉള്ളത്.

**ചോ: സുപ്രീം കോടതി ജഡ്ജി ആകുവാൻ വേണ്ട യോഗ്യതകൾ എന്തെല്ലാം?**

ഉ: താഴെപ്പറയുന്നതായ യോഗ്യതകൾ വേണം

a) അദ്ദേഹം ഒരു ഇന്ത്യൻ പൗരനായിരിക്കണം

b) ഒരു ഹൈക്കോടതിയിൽ കുറഞ്ഞത് അഞ്ചു വർഷക്കാലം ജഡ്ജിയായോ അഥവാ

c) ഏതെങ്കിലും ഒരു ഹൈക്കോടതിയിൽ കുറഞ്ഞത് 10 വർഷമെങ്കിലും വക്കീലായോ പ്രവർത്തിച്ചിരിക്കണം.

d) അല്ലെങ്കിൽ രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ ഉന്നത സ്ഥാനീയനായ നിയമ പാരംഗതനായിരിക്കണം.

**ചോ: ഒരു സുപ്രീം കോടതി ജഡ്ജി താൻ ഔദ്യോഗിക പദവിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ചെയ്യേണ്ടത് എന്താണ്?**

ഉ: അദ്ദേഹം ഈ പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പ് രാഷ്ട്രപതിയുടെ അധ്യായ 3-ാം പട്ടിക പ്രകാരം രാഷ്ട്രപതി നിയോഗിക്കുന്ന ഏതെങ്കിലും വ്യക്തിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തിരിക്കണം.

**ചോ: ഒരു സുപ്രീം കോടതി ജഡ്ജിയായിരുന്ന ഒരു വ്യക്തിക്ക് ഇന്ത്യൻ ഭരണകൂട പ്രദേശങ്ങൾക്കുള്ളിലുള്ള ഏതെങ്കിലും ഒരു അതോറിറ്റിയുടെ മുമ്പാകെയോ, ഏതെങ്കിലും കോടതിയുടെ മുമ്പാകെയോ, വാദിക്കാൻ സാധിക്കുമോ?**

ഉ: ഇല്ല.

## 125 ജഡ്ജിയുടെ ശമ്പളം പ്രതിഫലം

മുതലായവ

ചോ: സുപ്രീം കോടതി ജഡ്ജിയുടെ ശമ്പളവും അലവൻസും പെൻഷനുമെല്ലാം നിശ്ചയിക്കുന്നത് ആരാണ്?

ഉ: ജഡ്ജിയുടെ സമയാസമയങ്ങളിലുള്ള ശമ്പളവും അലവൻസും പെൻഷനുമെല്ലാം നിശ്ചയിക്കുന്നത് നമ്മുടെ കേന്ദ്ര പാർലമെന്റാണ്.

## 126 ആക്റ്റിംഗ് ചീഫ് ജസ്റ്റിസിന്റെ നിയമനം

ചോ: സുപ്രീം കോടതിയുടെ ആക്റ്റിംഗ് ചീഫ് ജസ്റ്റിസിനെ നിയമിക്കുന്നത് ആരാണ്?

ഉ: ഇന്ത്യൻ രാഷ്ട്രപതി

ചോ: എപ്പോഴാണ് അദ്ദേഹത്തെ ആക്റ്റിംഗ് ചീഫ് ജസ്റ്റിസായി നിയമിക്കുന്നത്?

ഉ: നിലവിലുള്ള ഇന്ത്യൻ ചീഫ് ജസ്റ്റിസിന്റെ ഒഴിവിലോ, ഇന്ത്യയിലില്ലാതിരിക്കുമ്പോഴോ, തന്റെ കടമകൾ ചെയ്യാൻ സാധിക്കാതെ വരുന്ന അവസ്ഥയിലോ രാഷ്ട്രപതിക്ക് ഒരു സുപ്രീം കോടതി ജഡ്ജിയെ ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് ആയി നിയമിക്കാം.

## 127 അഡ്ഹോക്ക് ജഡ്ജിമാരുടെ നിയമനം

ചോ: സുപ്രീം കോടതിയിൽ അഡ്ഹോക്ക് ജഡ്ജിമാരെ നിയമിക്കുവാനുള്ള അധികാരം ആർക്കാണ്?

ഉ: ഇന്ത്യയുടെ ചീഫ് ജസ്റ്റിസിനാണ്.

ചോ: എപ്പോഴാണ് സുപ്രീം കോടതിയിൽ ഇത്തരക്കാരെ നിയമിക്കുന്നത്?

ഉ: കോടതി സമ്മേളനം നടക്കുമ്പോൾ സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം കുറവായാൽ രാഷ്ട്രപതിയുടെ മുൻപേയുള്ള സമ്മതം കൊണ്ടും അതാത് ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസുമായി ചർച്ചയ്ക്ക് ശേഷവും ഇന്ത്യൻ ചീഫ് ജസ്റ്റിസിന് 'ആഡ്' ഹോക് ജഡ്ജിമാരെ നിയോഗിക്കാവുന്നതാണ്.

**ചോ: ആരെയാണ് ഇങ്ങനെ നിയോഗിക്കപ്പെടുന്നത്?**

സുപ്രീം കോടതിയിലെ ജഡ്ജിയായിരിക്കാനുള്ള യോഗ്യതയുള്ള ഹൈക്കോടതി ജഡ്ജിയെയാണ് ഇങ്ങനെ നിയോഗിക്കാവുന്നത്.

**ചോ: ഈ നിയമന കാലാവധി എന്താണ്?**

ഉ: അത്യാവശ്യമായി വേണ്ട സമയം മാത്രമാണ്.

**ചോ: 'ആഡ് ഹോക്' ജഡ്ജിയുടെ കടമ എന്താണ്?**

ഉ: സുപ്രീം കോടതിയിൽ തന്റെ സാന്നിദ്ധ്യം ആവശ്യമായി വരുന്ന കാലയളവിൽ സുപ്രീം കോടതിയിൽ ഹാജരാകുകയാണ് കടമ.

**ചോ: എന്തെല്ലാമാണ് അദ്ദേഹത്തിന്റെ അധികാരങ്ങൾ?**

ഉ: സുപ്രീം കോടതി ജഡ്ജിയുടെ നിയമ പരിധിയും അധികാരങ്ങളും കടമകളും നിയന്ത്രണങ്ങളും അദ്ദേഹത്തിനുണ്ട്.

## 128 സുപ്രീം കോടതിയിൽ റിട്ടയേർഡ് ജഡ്ജിമാരുടെ സാന്നിദ്ധ്യം

**ചോ: ആർക്കാണ് സുപ്രീം കോടതിയിൽ റിട്ടയേർഡ് ജഡ്ജിമാരെ നിയമിക്കാനുള്ള അധികാരമുള്ളത്?**

ഉ: രാഷ്ട്രപതിയുടെ സമ്മത പ്രകാരം ഇന്ത്യയുടെ ചീഫ് ജസ്റ്റിസിന് ഏതു സമയത്തും റിട്ടയേഡ് ജഡ്ജിയെ നിയമിക്കാവുന്നതാണ്.

**ചോ: ആരെയാണ് റിട്ടയേർഡ് ജഡ്ജിയായി നിയമിക്കുന്നത്?**

ഉ: a) സുപ്രീം കോടതിയിലെ റിട്ടയേർഡ് ജഡ്ജിയെയോ അതല്ലങ്കിൽ

b) ഫെഡറൽ കോടതിയിലെ റിട്ട. ജഡ്ജിയോ, അല്ലെങ്കിൽ

c) സുപ്രീം കോടതി ജഡ്ജി ആയി നിയമിക്കാൻ യോഗ്യതയുള്ള ഹൈക്കോടതി റിട്ട. ജഡ്ജി.

**ചോ: എന്താണ് അദ്ദേഹത്തിന്റെ കടമ?**

ഉ: സുപ്രീം കോടതിയിൽ ഇരുന്ന് ജഡ്ജിയായി പ്രവർത്തിക്കുക.

**ചോ: എന്തെല്ലാമാണ് അദ്ദേഹത്തിന്റെ അധികാരങ്ങൾ?**

ഉ: സുപ്രീം കോടതി ജഡ്ജിയുടെ എല്ലാ നിയമ പരിധികളും, അധികാരങ്ങളും നിക്ഷിപ്തമാണ്.

**ചോ: അദ്ദേഹത്തിന്റെ നിയമനത്തിന് ഇന്ത്യൻ ചീഫ് ജസ്റ്റിസിന്റെ അനുവാദം ആവശ്യമാണോ?**

ഉ: വേണം. അദ്ദേഹത്തിന്റെ അനുമതി കൊണ്ട് മാത്രമേ സാധ്യമാകൂ.

## *129* സുപ്രീം കോടതി ഒരു കോർട്ട് ഓഫ് റെക്കോർഡ്

**ചോ: സുപ്രീം കോടതിയുടെ സ്വഭാവം എന്താണ്?**

ഉ: സുപ്രീം കോടതി ഒരു കോർട്ട് ഓഫ് റെക്കോർഡ് ആണ്.

**ചോ: 'കോർട്ട് ഓഫ് റെക്കോർഡ്' എന്നാൽ എന്ത്?**

ഉ: ഇതിന് അർത്ഥം രണ്ടു തരത്തിലാണ്. ഒന്നാമതായി ഇത്തരം കോർട്ടിന്റെ റെക്കോർഡുകൾ ആധികാരികമായ തെളിവായി സ്വീകരിക്കപ്പെടുന്നു. അവ മറ്റൊരു കോടതിയുടെ മുമ്പിൽ വെച്ചാൽ അവയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്നില്ല. രണ്ടാമതായി നിയമമനുസരിച്ച് ഒരു കോടതിയെ കോർട്ട് ഓഫ് റെക്കോർഡായി അംഗീകരിച്ചു കഴിഞ്ഞാൽ അതിന് കോർട്ട് ലക്ഷ്യത്തിന് നടപടി എടുക്കാനുള്ള അധികാരമുണ്ടായിരിക്കും. എങ്കിൽപ്പോലും, തങ്ങളെ തന്നെ പ്രത്യക്ഷമായി കോർട്ടലക്ഷ്യം കാണിക്കുന്നവരെ ശിക്ഷിക്കാൻ ഉള്ള വിശേഷാധികാരം സുപ്രീം കോടതിക്ക് നൽകിയിട്ടുണ്ട്.

## *130 സുപ്രീം കോടതിയുടെ സ്ഥാനം.*

**ചോ: സുപ്രീം കോടതിയുടെ ആസ്ഥാനം എവിടെയാണ്?**

ഉ: ഡൽഹിയിലാണ് സുപ്രീം കോടതിയുടെ സ്ഥാനം എന്നാൽ ഇന്ത്യൻ ചീഫ് ജസ്റ്റിസിനു രാഷ്ട്രപതിയുടെ അംഗീകാര പ്രകാരം എവിടെ വേണമെങ്കിലും നിശ്ചയിക്കാവുന്നതാണ്.

## *131 സുപ്രീം കോടതിയുടെ മൗലികമായ അധികാരാതിർത്തി.*

**ചോ: ഏതെല്ലാം കാര്യങ്ങളിലാണ് സുപ്രീം കോടതി മൗലികമായി അധികാരാതിർത്തി പ്രാവർത്തികമാക്കുന്നത്.**

എ) കേന്ദ്ര ഗവൺമെന്റും ഏതെങ്കിലും ഒന്നോ, ഒന്നിലധികമോ, സംസ്ഥാനങ്ങൾ തമ്മിലും

b) കേന്ദ്രഗവൺമെന്റും ഒന്നോ, അതിലധികമോ സംസ്ഥാനങ്ങൾ ഒരു വശത്തും, ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ മറുവശത്തും

c) ഒന്നോ, അതിലധികമോ, സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങളിൽ സുപ്രീം കോടതിക്ക് സ്വാതന്ത്ര്യവും മറ്റാർക്കുമില്ലാത്തതും പൂർണ്ണവുമായ അധികാരമുണ്ട്.

## *132 ചില കേസുകളിൽ ഹൈക്കോടതിയിൽ നിന്നുമുള്ള അപ്പീലിൽ അപ്പീൽ സംബന്ധമായ സുപ്രീം കോടതിയുടെ അധികാരങ്ങൾ*

ചോ: 'അപ്പീൽ സംബന്ധമായ അധികാരത്തിർത്തി' എന്നതിന്റെ അർത്ഥം എന്താണ്?

ഉ: അപ്പീൽ കേൾക്കാനുള്ള ഒരു കോടതിയുടെ അധികാരമാണ് ഇതിന്റെ അർത്ഥം.

ചോ: എന്തെല്ലാം കാര്യങ്ങളിലാണ് സുപ്രീം കോടതി അപ്പീൽ സംബന്ധമായ അധികാരത്തിർത്തി നടത്തുന്നത്?

ഉ: ഈ വകുപ്പു പ്രകാരം ഇന്ത്യക്കകത്തുള്ള ഒരു ഹൈക്കോടതിയുടെ സിവിലും, ക്രിമിനലും മറ്റു വിധത്തിലുമുള്ള നടപടികളെ കുറിച്ചുള്ള അന്തിമ തീരുമാനമോ ഉത്തരവോ (ഡിക്രി, ജഡ്ജ്മെന്റ്) അടിസ്ഥാനമാക്കി സുപ്രീം കോടതിയിൽ അപ്പീൽ നല്കാവുന്നതാണ്. എന്നാൽ ഹൈക്കോടതി ആ കേസിൽ ഭരണഘടനാ വ്യാഖ്യാനത്തെ സംബന്ധിച്ചുള്ള നിയമ പ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്നു കാണിച്ച് അപ്പീലിന് പോകാൻ അനുവദിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് നല്കിയിരിക്കണം.

ചോ: അങ്ങനെയുള്ള കേസുകളിൽ ആരാണ് സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നത്?

ഉ: ഏതൊരു പാർട്ടിക്കും അപ്പീൽ നൽകാവുന്നതാണ്.

**ചോ: അപ്പീലിനുള്ള കാരണങ്ങൾ എന്തെല്ലാം?**

ഉ: ഭരണഘടനാ പരമായ വ്യാഖ്യാനത്തെ കുറിച്ചുള്ള നിയമപ്രശ്നം തെറ്റായി തീരുമാനിച്ചാൽ, ഈ കാരണത്താൽ അപ്പീൽ ചെയ്യാവുന്നതാണ്.

## 133 സിവിൽ കേസുകളിൽ ഹൈക്കോടതിയിൽ നിന്നുള്ള അപ്പീലിൽ സുപ്രീം കോടതിയുടെ അപ്പീൽ സംബന്ധമായ അധികാരങ്ങൾ

**ചോ: ഇങ്ങനെയുള്ള കേസുകളിൽ ആർക്കാണ് അപ്പീൽ നൽകാവുന്നത്?**

ഉ: ഹൈക്കോടതി വിധിക്കെതിരെ പോകാൻ സന്നദ്ധനായ ഏതൊരു പാർട്ടിക്കും അപ്പീൽ പോകാവുന്നതാണ്.

**ചോ: ഇങ്ങനെയുള്ള അപ്പീൽ നൽകുന്നതിനു വേണ്ട കാരണങ്ങൾ എന്തെല്ലാം?**

ഉ: ഭരണഘടനാ പരമായ വ്യാഖ്യാനത്തെക്കുറിക്കുന്ന നിയമ പ്രശ്നം തെറ്റായി വിശദീകരിക്കുന്നതാണ് കാരണം.

## 134 ക്രിമിനൽ കേസുകളിൽ സുപ്രീം കോടതിയുടെ അപ്പീൽ സംബന്ധമായ അധികാരങ്ങൾ

**ചോ: എന്തെല്ലാം പരിതഃസ്ഥിതികളിൽ ക്രിമിനൽ അപ്പീലുകൾ സുപ്രീം കോടതിയിൽ കൊടുക്കാവുന്നതാണ്.**

ഉ: a) ഒരു അപരാധിയെ വെറുതെ വിട്ടുകൊണ്ടുള്ള കീഴ്ക്കോടതിയുടെ തീരുമാനത്തെ അപ്പീലിൽ തള്ളിയവരെ വധ ശിക്ഷയ്ക്ക് വിധിക്കുമ്പോഴും

b) ഏതെങ്കിലും കീഴ്ക്കോടതിയിൽ നിന്നും വന്നിട്ടുള്ളതും അവിടെ ഒരു അപരാധിയെ കുററക്കാരനെന്ന് സ്ഥാപിച്ച് വധശിക്ഷയ്ക്ക് വിധിച്ച ഒരു കേസിന്റെ അപ്പീൽ തള്ളുമ്പോഴും

c) ഒരു കേസിന്റെ അപ്പീൽ കേൾക്കേണ്ടത് സുപ്രീം കോടതിയാണെന്ന് സർട്ടിഫിക്കററ് കൊടുക്കുമ്പോഴും ആണ് ആ പരിതസ്ഥിതികൾ സംജാതമാകുന്നത്.

## *134. A സുപ്രീം കോടതിയിലേയ്ക്കുള്ള അപ്പീലിനുവേണ്ട സർട്ടിഫിക്കററ്*

**ചോ: ആർക്കാണ് ഈ സർട്ടിഫിക്കററ് കൊടുക്കാനുള്ള അധികാരമുള്ളത്?**

ഉ: ഹൈക്കോടതിയുടെ വിധിയിലും ഡിക്രിയിലും മററു വിധത്തിലുമുള്ള നടപടികളെ കുറിച്ചുള്ള അന്തിമതീരുമാന ഉത്തരവ് അടിസ്ഥാനമാക്കി ഹൈക്കോടതി അപ്പീലിന് പോകാൻ അനുവദിച്ചുകൊണ്ട് ഒരു സർട്ടിഫിക്കററ് നൽകിയിരിക്കണം.

**ചോ: ഒരു അവശനായ പാർട്ടി അപ്പീലിനുവേണ്ടതായ സർട്ടിഫിക്കററിന് ഹൈക്കോടതിയിലേക്ക് അപേക്ഷിക്കാനുള്ള അവകാശമുണ്ടോ?**

ഉ: ഉണ്ട്. അപേക്ഷ എഴുത്തു രൂപത്തിലല്ലാത്തതായാലും മതി.

## *135 സുപ്രീം കോടതി അനുഷ്ഠിച്ചുവരുന്ന നിലവിലുള്ള നിയമമനുസരിച്ച് ഫെഡറൽ കോടതിയുടെ നിയമപരിധിയും അധികാരങ്ങളും.*

**ചോ: നിലവിലുള്ള നിയമമനുസരിച്ച് ഭരണഘടനയുടെ പെട്ടെന്നുള്ള ആവിർഭാവത്തിനു മുമ്പുള്ള ഫെഡറൽ കോർട്ടിന്റെ നിയമപരിധിയും അധികാരങ്ങളും സുപ്രീം കോടതിയ്ക്ക് കൈകാര്യം ചെയ്യാൻ സാധിക്കുമോ?**

ഉ: ഉണ്ട്.

## 136 സുപ്രീം കോടതിയിൽ അർപ്പിതമായ അപ്പീലിനുള്ള പ്രത്യേകാധികാരങ്ങൾ

ചോ: സുപ്രീം കോടതിക്ക് അപ്പീലിനുള്ള പ്രത്യേകാധികാരങ്ങൾക്ക് അനുമതി നൽകാനുള്ള അധികാരമുണ്ടോ?

ഉ: ഉണ്ട്. ഏതെങ്കിലും ഒരു കോടതിയോ, ട്രിബ്യൂണലോ പുറപ്പെടുവിച്ച നടപടികളെ കുറിച്ചുള്ള അന്തിമ തീരുമാന ഉത്തരവ് എന്നിവയിൽ നിന്നും അപ്പീൽ പോകാനുള്ള പ്രത്യേകാധികാരങ്ങൾക്ക് അനുമതി നൽകാനുള്ള അധികാരം സുപ്രീം കോടതിയ്ക്കുണ്ട്.

## 137 സുപ്രീം കോടതി വഴി അന്തിമ തീരുമാന ഉത്തരവിന്റെ നിരൂപണം

ചോ: സുപ്രീം കോടതി വഴി കൽപ്പിച്ചതോ, വിളംബരം ചെയ്തതോ ആയ അന്തിമ വിധിയെ നിരൂപണം ചെയ്യുവാനുള്ള അധികാരം സുപ്രീം കോടതിയ്ക്കുണ്ടോ?

ഉ: ഉണ്ട്.

## 138 സുപ്രീം കോടതിയുടെ അധികാര വ്യാപ്തി

ചോ: നിയമ നിർമ്മാണാധികാരങ്ങളിൽ പെടുത്തിയിട്ടുള്ള ഏതു കാര്യത്തിലാണ് സുപ്രീം കോടതിയ്ക്കുള്ള അധികാരങ്ങളെ വിപുലപ്പെടുത്താൻ പാർലമെന്റിൽ അധികാരം നൽകിയിരിക്കുന്നത്?

ഉ: യൂണിയൻ ലിസ്റ്റിലെ ഏതു കാര്യങ്ങളിലും.

b) കേന്ദ്രഗവൺമെന്റും ഏതെങ്കിലും സംസ്ഥാന ഗവൺമെന്റും ചേർന്നിട്ടുള്ള കാര്യങ്ങളെ കുറിച്ചുള്ള ഉടമ്പടിയിലും.

## *139 ചില റിട്ടുകൾ പുറപ്പെടുവിക്കുന്നതിൽ സുപ്രീം കോടതി അധികാരങ്ങൾ ദാനം ചെയ്യൽ*

**ചോ: ഏതെങ്കിലും ഒരു ഉദ്ദേശ്യത്തിനു വേണ്ടി നിർദ്ദേശങ്ങളും, കല്പനകളും, റിട്ടുകളും പുറപ്പെടുവിക്കാനുള്ള സുപ്രീം കോടതി അധികാരങ്ങൾ ദാനം ചെയ്യുന്നതാരാണ്?**

ഉ: പാർലമെന്റിനാണ് ഈ അധികാരങ്ങൾ ദാനം ചെയ്യുന്നതിനുള്ള അധികാരം ഉള്ളത്.

**ചോ: സുപ്രീം കോടതി വഴി പുറപ്പെടുവിക്കുന്ന റിട്ടുകൾ ഏതെല്ലാം?**

ഉ: ഹേബിയസ് കോർപസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വാ-വാറന്റോ, സെർഷ്യോറാറി ഇവയെല്ലാമാണ് സുപ്രീം കോടതി വഴി പുറപ്പെടുവിക്കുന്ന റിട്ടുകൾ.

## *139A ചില കേസുകളുടെ സ്ഥാനമാറ്റം*

**ചോ: ഒന്നോ, അതിലധികമോ ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ പിൻവലിക്കാനോ, ഒഴിവാക്കാനോ സുപ്രീം കോടതിക്ക് അധികാരമുണ്ടോ?**

ഉ: ഉണ്ട്, സുപ്രീം കോടതിയുടെ മുമ്പാകെയോ, ഒന്നോ, അതിലധികമോ ഹൈക്കോടതിയുടെയോ രണ്ടോ അതിലധികമോ ഹൈക്കോടതികളുടെയോ മുമ്പാകെയുള്ള പൊതു പ്രാധാന്യമുള്ളതും ഒരേ നിയമപ്രശ്നമുള്ളതുമായ കേസുകളെ പിൻവലിക്കാനും, ഒഴിവാക്കാനുമുള്ള അധികാരം സുപ്രീം കോടതിക്കുണ്ട്. ഇ

തിന്റെ തന്നെ പ്രേരണകൊണ്ടോ ഇന്ത്യൻ അറ്റോർണി ജനറലിന്റെ അപേക്ഷ കൊണ്ടോ, അതുമായുള്ള കേസുകളിലെ കക്ഷികളുടെ അപേക്ഷ കൊണ്ടോ, ഇവയ്ക്ക് പ്രാരംഭ നടപടികളെടുക്കാവുന്നതാണ്.

**ചോ: എവിടെ നിന്നാണോ ഇത് പിൻവലിക്കപ്പെട്ടത് ആ ഹൈക്കോടതിയിലേക്ക് കേസ് തിരിച്ചു വിടാൻ സുപ്രീം കോടതിക്ക് കഴിയുമോ?**

ഉ: ഉണ്ട്. ഇതിലെ നിയമ പ്രശ്നങ്ങളുടെ തീരുമാനത്തിനു ശേഷം ഇതിന്റെ അതിന്റെ വിധിയുടെ ഒരു കോപ്പിയോടു കൂടി ഹൈക്കോടതിയിലേക്ക് ഈ കേസുകൾ തിരിച്ചുവിടുവാനുള്ള അധികാരം സുപ്രീം കോടതിയ്ക്കുണ്ട്.

## *140 സുപ്രീം കോടതിയുടെ കൂട്ടിച്ചേർക്കപ്പെട്ട അധികാരങ്ങൾ*

**ചോ: ഭരണഘടനാ പരമായി അത്യാവശ്യമായും കോടതികൾക്ക് ഫലപ്രദമായും നിയമാനുഷ്ഠാനങ്ങൾക്കും വേണ്ടി സുപ്രീം കോടതിക്ക് കൂട്ടിച്ചേർക്കപ്പെട്ട അധികാരങ്ങൾ നൽകാൻ പാർലമെന്റിന് കഴിയുമോ?**

ഉ: ഉണ്ട്.

## *141 സുപ്രീം കോടതി അനുശാസിക്കുന്ന നിയമം ഇന്ത്യയുടെ അതിർത്തിക്കകത്തുള്ള എല്ലാ കോടതികൾക്കും ബാധകമാണ്.*

**ചോ: സുപ്രീം കോടതി അനുശാസിക്കുന്ന നിയമം ഇന്ത്യയുടെ എല്ലാ കോടതികൾക്കും ബാധകമാണോ?**

ഉ: ബാധകമാണ്.

പ്രിയസുഹൃത്തുക്കളെ,

117ാം പേജിനുശേഷം 127മുതൽ പേജ് നമ്പർ തുടരുന്നത് തെറ്റായി പേജ് നമ്പർ ഇട്ടതുമൂലമാണ്. ശരിയായി 117, 118......തുടർന്ന് വായിക്കാൻ അപേക്ഷ. തെറ്റുപറ്റിയതിൽ നിർവ്യാജം ഖേദിക്കുന്നു.

എം വി മാത്യു (പ്രസിഡന്റ് നേസർ-ഇന്ത്യ)



## 142 സുപ്രീം കോടതിക്ക് ഇന്ത്യൻ അതിർത്തിയിൽപ്പെട്ട ഏതു പ്രമാണവും നിയമ വിധിയും ഹാജരാക്കുവാനും, കണ്ടെത്തുവാനും അധികാരമുണ്ട്

ചോ: സുപ്രീം കോടതിയുടെ മുമ്പാകെയുള്ള നിലവിലിരിക്കുന്ന ഏതെങ്കിലും കേസുകളിൽ പ്രമാണവും നിയമ വിധിയും പുറപ്പെടുവിക്കാൻ സുപ്രീം കോടതിക്ക് അധികാരമുണ്ടോ?

ഉ: ഉണ്ട്.

ചോ: സുപ്രീം കോടതിയുടെ ഈ അധികാരം ഇന്ത്യയുടെ അതിർത്തിയിലെങ്ങും പ്രയോഗത്തിൽ വരുത്താമോ?

ഉ: വരുത്താം.

## 143 സുപ്രീം കോടതിയുടെ ഉപദേശം തേടുന്നതിൽ രാഷ്ട്രപതിയുടെ അധികാരം.

ചോ: രാഷ്ട്രപതിക്ക് സുപ്രീം കോടതിയോട് ഉപദേശം തേടാമോ?

ഉ: ഉവ്വ്. സുപ്രീം കോടതിയോടുള്ള ഉപദേശം തേടലിനെ സുപ്രീം കോടതിയുടെ ഉപദേശാധികാരം അഥവാ ഉപദേഷ്ടാധികാരം എന്ന് പറയുന്നു.

ചോ: എപ്പോഴാണ് സുപ്രീം കോടതി ഒരു ഉപദേഷ്ടാവെന്ന നിലയിൽ വർത്തിക്കുന്നത്?

ഉ: എപ്പോഴെങ്കിലും എന്തെങ്കിലും പൊതു സ്വഭാവ പ്രാധാന്യമുള്ളതും സുപ്രീം കോടതിയുടെ അഭിപ്രായം തീർപ്പുണ്ടായതും സ്വീകരിച്ച തരിയാവു എന്നുള്ളതുമായ ഒരു നിയമ പ്രശ്നമോ നിയമ സംബന്ധമായ

വസ്തുതയോ രൂപത്തിൽ വരികയോ ചെയ്യുമെന്ന് തോന്നുന്നെയോ ചോദ്യമുന്നയാണ് സുപ്രീം കോടതി ഉത്തര വർത്തിക്കുന്നത്.

## 144 സുപ്രീം കോടതിയുടെ പ്രവർത്തന കാര്യത്തിലും സിവിലും ജുഡീഷ്യലുമായ അധികാരികളുടെ സഹകരണം.

ചോ: മേൽപ്പറഞ്ഞ പ്രവർത്തനത്തിൽ ആരാണ് കടപ്പെട്ടിരിക്കുന്നത്?

ഉ: സിവിലും ജുഡീഷ്യലുമായ അധികാരികളാണ് കടപ്പെട്ടിരിക്കുന്നത്.

## 145. കോടതിനിയമങ്ങൾ മുതലായവ.

ചോ: സുപ്രീം കോടതിക്ക് അതിന്റെ നടപടികൾക്കും, പരിശീലനത്തിനും വേണ്ടി നിയമങ്ങൾ രൂപീകരിക്കാനുള്ള അധികാരമുണ്ടോ?

ഉ: ഉണ്ട്. അവയ്ക്ക് രാഷ്ട്രപതിയുടെ സമ്മതത്തോടെ കാലാകാലങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരമുണ്ട്.

ചോ: എന്തെല്ലാം കാര്യങ്ങളിലാണ് സുപ്രീം കോടതിക്ക് നിയമങ്ങൾ രൂപീകരിക്കാൻ സാധ്യതയുള്ളത്?

ഉ: താഴെ പറയുന്ന കാര്യങ്ങളിൽ അവയ്ക്ക് നിയമങ്ങൾ രൂപീകരിക്കാവുന്നതാണ്:-

a] കോടതി മുമ്പാകെ പരിശീലിക്കുന്ന വ്യക്തികൾക്ക്

b] അപ്പീൽ കേൾക്കാനുള്ള നടപടിയെക്കുറിച്ചുള്ള നിയമങ്ങളിലും,ബന്ധപ്പെട്ട കാര്യങ്ങളിലും

c] മൗലിക അവകാശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ടിയുള്ള കോടതിയിലെ നടപടികളിലും

d] കോടതിയുടെ കല്പനകളുടെയും വിധിയുടെയും നിർവ്വഹണങ്ങളിലും

e) കോടതിയിൽ ഹാജർ ചെയ്യുന്ന കേസിന്റെ കോടതി ചെലവുകളിലും ഫീസു ചെലവുകളിലും

f) ജാമ്യം അനുവദിക്കുന്നതിലും

g] മറ്റു നടപടികൾ അനുവദിക്കുന്നതിലും

h) തീരാത്ത കേസുകളുടെ അപ്പീലിന്റെ ചുരുക്കത്തിലുള്ള തീരുമാനങ്ങളിലും

i) 317 (1)-ാം വകുപ്പിലെ അന്വേഷണ നടപടികളിലും

j) ഏതെങ്കിലും ഉദ്ദേശ്യത്തിന് വേണ്ടിയിരിക്കുന്ന ജഡ്ജിമാരുടെ മിനിമം എണ്ണത്തിലും

k) സിംഗിൾ ജഡ്ജിമാരുടെയും ഡിവിഷൻ കോടതിയുടെയും അധികാരത്തെക്കുറിച്ചുള്ള നിയമങ്ങളിലും.

ചോ: ഭരണഘടനാപരമായ വ്യാഖ്യാനത്തെക്കുറിക്കുന്ന നിയമ പ്രശ്നം തീരുമാനിക്കുന്നതിന് ഇരിക്കേണ്ട ആവശ്യമായ ജഡ്ജിമാരുടെ എണ്ണം എത്രയാണ്.

ഉ: 5 ജഡ്ജിമാർ

ചോ: സുപ്രീം കോടതിയുടെ അന്തിമ വിധി സ്വകാര്യമായി പുറപ്പെടുവിക്കാമോ?

ഉ: ഇല്ല. ഈ വിധി തുറന്ന കോടതിയിൽ വച്ച് മാത്രമേ പ്രഖ്യാപിക്കാനാവൂ.

ചോ: ഒരു കേസിലെ 'വിധി' എന്താണ്?

ഉ: ഒരു കേസ് ഭൂരിപക്ഷം ജഡ്ജിമാർ യോജിച്ചതിന്റെ ഒരു പൊതു തീരുമാനമാണ് വിധി.

ചോ: മേൽ പറഞ്ഞ പൊതു തീരുമാനത്തിൽ ഒരു ജഡ്ജി സമ്മതിക്കുന്നില്ലെങ്കിൽ അദ്ദേഹത്തെ മറ്റൊരു അഭിപ്രായത്തിനായി അനുവദിക്കാമോ?

ഉ: ഉവ്വ്.

## 116 സുപ്രീം കോടതി ചിലവുകളും, ഓഫീസർമാരും, സഹായികളും

ചോ: സുപ്രീം കോടതിയിൽ ഓഫീസർമാരേയും സഹായികളേയും നിയോഗിക്കാൻ അധികാരപ്പെട്ടത് ആരാണ്?

ഉ: ഇന്ത്യയുടെ ചീഫ് ജസ്റ്റിസോ, അല്ലെങ്കിൽ അദ്ദേഹത്താൽ അധികാരികമാക്കപ്പെടുന്ന ഏതെങ്കിലും ഒരു വ്യക്തിയോ ആണ് നിയോഗിക്കുന്നത്.

ചോ: സുപ്രീം കോടതിയിലെ ഓഫീസറുടെയും സഹായികളുടെയും സേവന വ്യവസ്ഥകളെപ്പറ്റി നിയമങ്ങൾ രൂപീകരിക്കുവാൻ ഇന്ത്യൻ ചീഫ് ജസ്റ്റിസ് അധികാരപ്പെട്ടിട്ടുണ്ടോ?

ഉ: ഉവ്വ്. അദ്ദേഹമോ, അദ്ദേഹത്താൽ നിയോഗിക്കപ്പെടുന്ന വ്യക്തിയോ ഈ വ്യവസ്ഥകളെപ്പറ്റി നിയമങ്ങൾ രൂപീകരിക്കുന്നു.

ചോ: ഈ നിയമങ്ങൾക്ക് രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമാണോ?

ഉ: ശമ്പളവും അലവൻസുകളും ലീവുകളും, പെൻഷനും സംബന്ധിക്കുന്ന കാര്യത്തിൽ രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമാണ്.

ചോ: ഭരണപരമായ ചിലവുകൾ സുപ്രീം കോടതി എങ്ങനെയാണ് കണ്ടെത്തുക?

ഉ: കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യയിൽ നിന്നാണ് ഓഫീസർമാർക്കും സഹായികൾക്കും ശമ്പളവും അലവൻസുകളും പെൻഷനും എല്ലാം നൽകുന്നത്.

## 147. വ്യാഖ്യാനം

**ചോ: ഭരണഘടനാ പരമായ നിയമ പ്രശ്നം അതിലുണ്ടെങ്കിൽ അതിനെ വ്യാഖ്യാനിക്കാമോ?**

ഉ: ഉവ്വ്.

# പാഠം 5 കൺട്രോളറും ഇന്ത്യയുടെ ഓഡിറ്റർ ജനറലും

## 148 കൺട്രോളറും ഇന്ത്യയുടെ ഓഡിറ്റർ ജനറലും

**ചോ: ആർക്കാണ് ഇവരെ നിയമിക്കാനുള്ള അധികാരം?**

ഉ: ഇന്ത്യയുടെ രാഷ്ട്രപതിയ്ക്കാണ്.

**ചോ: അദ്ദേഹത്തെ തന്റെ പദവിയിൽ നിന്നും പിരിച്ചുവിടാനാവുമോ?**

ഉ: ഉവ്വ്. സുപ്രീം കോടതി ജഡ്ജിയെ പിരിച്ചുവിടുന്ന അതേ കാരണത്താലും അതേ രീതിയിലും ഇദ്ദേഹത്തെ പിരിച്ചുവിടാവുന്നതാണ്.

**ചോ: തന്റെ ഔദ്യോഗിക പദവിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ചെയ്തിരിക്കേണ്ടതെന്തെല്ലാം?**

ഉ: രാഷ്ട്രപതിയുടെയോ, അദ്ദേഹം നിയോഗിക്കുന്ന ഏതെങ്കിലും ഒരു വ്യക്തിയുടെയോ, മുമ്പാകെ താൻ പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പ് പ്രതിജ്ഞ ചെ

യ്തിരിക്കണം.

**ചോ: അദ്ദേഹത്തിന്റെ സേവനത്തിന്റെയും മററു വ്യവസ്ഥകളെയും കുറിച്ചുള്ളതിന് ശമ്പളം തീരുമാനിക്കുന്നത് ആരാണ്?**

ഉ: പാർലമെൻറാണ് ഇവയെല്ലാം നിശ്ചയിക്കുന്നത്.

**ചോ: തന്റെനിയമനത്തിനുശേഷം ശമ്പളവും മററു അലവൻസുകളും കുറയ്ക്കാമോ?**

ഉ: ഇല്ല. തന്റെ നിയമനത്തിന് ശേഷം അദ്ദേഹത്തിന്റെ കഴിവില്ലായ്മയിലോ, റിട്ടയർമെൻറിലോ, പെൻഷൻ ലീവ് മുതലായവയിലോ, ശമ്പളവും മററ് അവകാശങ്ങളും കുറയ്ക്കാവുന്നതല്ല.

**ചോ: പുനർ നിയമനത്തിന് അദ്ദേഹം യോഗ്യനാണോ?**

ഉ: അല്ല. കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാറിന്റെയോ കീഴിൽ അദ്ദേഹം പുനർ നിയമനത്തിന് യോഗ്യനല്ല.

**ചോ: അദ്ദേഹത്തിനുള്ള ഭരണപരമായ ചെലവുകളും, ശമ്പളവും, അലവൻസുകളും എല്ലാം കണ്ടെത്തുന്നത് ആരാണ്?**

ഉ: കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യയിൽ നിന്നാണ് ഇവയെല്ലാം കണ്ടെത്തുന്നത്

## *149: കൺട്രോളറിന്റെയും ഓഡിറ്റർ ജനറലിന്റെയും കടമകളും അധികാരങ്ങളും*

**ചോ: ആരാണ് ഇവരുടെ കടമകളും അധികാരങ്ങളും തീരുമാനിക്കുന്നത്?**

ഉ: പാർലമെന്റ് തീരുമാനിക്കുന്ന സംസ്ഥാനത്തിന്റെയും യൂണിയന്റെയും അക്കൗണ്ടുകളുമായുള്ള ബന്ധത്തെപ്പറ്റിയാണ് അവരുടെ കടമകളും അധികാരങ്ങളും.

## *150* യൂണിയന്റെയും സംസ്ഥാനങ്ങളുടെയും അക്കൗണ്ടുകളുടെ രൂപം (രീതി)

**ചോ: യൂണിയന്റെയും സംസ്ഥാനങ്ങളുടെയും അക്കൗണ്ടുകളുടെ രീതി എങ്ങനെയാണ്?**

ഉ: കൺട്രോളറിനോടും ഓഡിറ്റർ ജനറലിനോടും ഉപദേശം തേടി രാഷ്ട്രപതി വിശദീകരിക്കുന്ന രീതിയിലാണ് അക്കൗണ്ട്

## *151* ഓഡിറ്റ് റിപ്പോർട്ട്

**ചോ: യൂണിയൻ ഓഫ് ഇന്ത്യയുടെ അക്കൗണ്ടുകളെ സംബന്ധിക്കുന്നകൺട്രോളറിന്റെയും ഓഡിറ്റർ ജനറലിന്റെയും റിപ്പോർട്ട് സമർപ്പിക്കുന്നത് ആരുടെ മുമ്പാകെയാണ്?**

ഉ: രാഷ്ട്രപതിയുടെ മുമ്പാകെയാണ് സമർപ്പിക്കുന്നത് അദ്ദേഹം ഇത് പാർലമെന്റിലെ ഇരുസഭകളുടെയും മുമ്പാകെ സമർപ്പിക്കുന്നു.

**ചോ: സംസ്ഥാനത്തിന്റെഅക്കൗണ്ടുകളെ സംബന്ധിക്കുന്ന കൺട്രോളറുടെയും ഓഡിറ്റർ ജനറലിന്റെയും റിപ്പോർട്ട് ആരാണ് സമർപ്പിക്കേണ്ടത്?**

ഉ: സംസ്ഥാന ഗവർണ്ണർമുമ്പാകെ സമർപ്പിക്കുന്നു അദ്ദേഹം ഇത് സംസ്ഥാനനിയമനിർമ്മാണ സഭയുടെ മുമ്പ് സമർപ്പിക്കുന്നു.

# ഭാഗം 6 സംസ്ഥാനങ്ങൾ

## പാഠം 1 ജനറൽ

## *152* നിർവ്വചനം

**ചോ: ഈ ഭാഗത്തിൽ സംസ്ഥാനങ്ങൾ എന്നതിൽ ജമ്മുവും, കാശ്മീറും ഉൾക്കൊള്ളുമോ**

ഉ: ഇല്ല.

## പാഠം 2 എക്സിക്യൂട്ടീവ്
## ഗവർണ്ണർ

### *153: സംസ്ഥാന ഗവർണ്ണർ*

**ചോ: ഒരു സംസ്ഥാനത്തിൽ എത്ര ഗവർണ്ണർ ഉണ്ടായിരിക്കും?**

ഉ: ഒരു സംസ്ഥാനത്തിൽ ഒരു ഗവർണ്ണർ മാത്രമേ ഉണ്ടാകൂ.

**ചോ: രണ്ടോ അതിലധികമോ സംസ്ഥാനങ്ങളിലേയ്ക്ക് വേണ്ടി ഒരു വ്യക്തിയെ ഗവർണ്ണർ ആയി നിയോഗിക്കാൻ രാഷ്ട്രപതിക്ക് കഴിയുമോ?**

ഉ: ഉവ്വ്.

### *154. സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അധികാരം*

**ചോ: സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് തലവൻ ആരാണ്?**

ഉ: ഗവർണ്ണർ ആണ് സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് തലവൻ.

**ചോ: എങ്ങനെയാണ് ഗവർണ്ണർ തന്റെ എക്സിക്യൂട്ടീവ് അധികാരം പ്രാവർത്തികമാക്കുന്നത്**

ഉ: ഗവർണ്ണർ നേരിട്ടോ, തന്റെ കീഴുദ്യോഗസ്ഥന്മാർ വഴിയോ, തന്റെ എക്സിക്യൂട്ടീവ് അധികാരം പ്രാവർത്തികമാക്കുന്നു.

## *155: ഗവർണറുടെ നിയമനം:*

ചോ: ആരാണ് ഗവർണറെ നിയമിക്കുന്നത്?

ഉ: രാഷ്ട്രപതിയാണ് ഗവർണറെ നിയമിക്കുന്നത്.

## *156: ഗവർണറുടെ ഔദ്യോഗിക കാലയളവ്.*

ചോ: ഗവർണറുടെ ഔദ്യോഗിക കാലയളവ് എന്താണ്?

ഉ: രാഷ്ട്രപതിയുടെ പ്രീതി നിലനില്ക്കുന്നിടത്തോളം കാലം അദ്ദേഹം ആ പദവി വഹിക്കുന്നു.

ചോ: സാധാരണയായി ഗവർണറുടെ ഔദ്യോഗിക കാലാവധി എത്രയാണ്?

ഉ: 5 വർഷമാണ്.

ചോ: ഗവർണർക്ക് തന്റെ പദവിയിൽ നിന്നും പിൻവലിയാമോ?

ഉ: രാഷ്ട്രപതിക്ക് ഒരു രാജിക്കത്ത് സമർപ്പിച്ച് ഗവർണർക്ക് പിൻവലിയാവുന്നതാണ്.

ചോ: തന്റെ കാലാവധി കഴിഞ്ഞാലും മറ്റൊരു പിൻഗാമിവരുന്നതുവരെ അദ്ദേഹത്തിന് തന്റെ ഓഫീസിൽ പിൻതുടരാമോ?

ഉ: തന്റെ പിൻഗാമി പദവിയിൽ പ്രവേശിക്കുന്നതുവരെ ഗവർണർക്ക് തന്റെ പദവിയിൽ തുടരാവുന്നതുമാണ്.

## *157. ഗവർണറായി നിയോഗിക്കാൻ വേണ്ട യോഗ്യതകൾ:–*

ചോ: ഗവർണർ ആയി നിയോഗിക്കാൻ ആവശ്യമായി വരുന്ന യോഗ്യതകൾ എന്തെല്ലാം?

ഉ: ഒരു വ്യക്തി ഗവർണർ ആയി നിയോഗിക്കാൻ വേണ്ട

യോഗ്യതകൾ താഴെ പറയുന്നവയാണ്

a] ഒരു ഇന്ത്യൻ പൗരനായിരിക്കണം
b] അദ്ദേഹം 35 പൂർത്തീകരിക്കണം.

## 158. ഗവർണറുടെ ഔദ്യോഗിക പദവിയിലുള്ള വ്യവസ്ഥകൾ:-

ചോ: ഗവർണറുടെ ഔദ്യോഗിക പദവിയിലുള്ള വ്യവസ്ഥകൾ എന്തെല്ലാം?

ഉ: a) ഗവർണർ പാർലമെന്റിലെ ഒരു സഭയിലെയോ, സംസ്ഥാന നിയമസഭയിലെയോ, അംഗമാകാൻ പാടില്ല.
b) ആദായം കിട്ടുന്ന രീതിയിലുള്ള ഒരു ഓഫീസിലെയും അംഗമാകാൻ പാടില്ല.

ചോ: ഗവർണർക്ക് അവകാശപ്പെടുന്ന ശമ്പളവും മററ് അലവൻസുകളും എന്തെല്ലാം?

ഉ: അദ്ദേഹത്തിന്റെ ഔദ്യോഗിക വസതി വാടക കൂടാതെ ഉപയോഗിക്കാൻ അവകാശപ്പെട്ടതാണ്. ഈ ശമ്പളവും അലവൻസുകളും വിശേഷാധികാരങ്ങളും പാർലമെന്റ് വഴി തീരുമാനിക്കുന്നതാണ്. തന്റെ ഔദ്യോഗിക കാലാവധിക്കുള്ളിൽ ഈ അധികാരങ്ങളും ശമ്പളവും കുറയ്ക്കപ്പെടാൻ പാടില്ല.

രണ്ടോ മൂന്നോ സംസ്ഥാനങ്ങളിൽ വർത്തിച്ചുവരുന്ന ഒരു ഗവർണർക്ക് ഈ ശമ്പളവും അലവൻസുകളും ഒരേ അനുപാതത്തിൽ രാഷ്ട്രപതി തീരുമാനിക്കുന്നത് പ്രകാരം നടത്തപ്പെടുന്നു.

## 159 ഗവർണറുടെ പ്രതിജ്ഞ

ചോ: ഗവർണർ എങ്ങനെയാണ് പ്രതിജ്ഞ എടുക്കുന്നത്?

ഉ: ഏതൊരു ഗവർണറും, അല്ലെങ്കിൽ ഗവർണറുടെ കടമകൾ ചെയ്യുന്ന ഏതൊരു വ്യക്തിയും താൻ തന്റെ പദവിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഹൈക്കോടതി

യോഗ്യതകൾ താഴെ പറയുന്നവയാണ്

a] ഒരു ഇന്ത്യൻ പൗരനായിരിക്കണം
b] അദ്ദേഹം 35 പൂർത്തീകരിക്കണം.

## *158.* ഗവർണറുടെ ഔദ്യോഗിക പദവിയിലുള്ള വ്യവസ്ഥകൾ:-

**ചോ: ഗവർണറുടെ ഔദ്യോഗിക പദവിയിലുള്ള വ്യവസ്ഥകൾ എന്തെല്ലാം?**

ഉ: a) ഗവർണർ പാർലമെന്റിന്റെ ഒരു സഭയിലെയോ, സംസ്ഥാന നിയമസഭയിലെയോ, അംഗമാകാൻ പാടില്ല.
b) ആദായം കിട്ടുന്ന രീതിയിലുള്ള ഒരു ഓഫീസിലെയും അംഗമാകാൻ പാടില്ല.

**ചോ: ഗവർണർക്ക് അവകാശപ്പെടുന്ന ശമ്പളവും മററ് അലവൻസുകളും എന്തെല്ലാം?**

ഉ: അദ്ദേഹത്തിന്റെ ഔദ്യോഗിക വസതി വാടക കൂടാതെ ഉപയോഗിക്കാൻ അവകാശപ്പെട്ടതാണ്. ഈ ശമ്പളവും അലവൻസുകളും വിശേഷാധികാരങ്ങളും പാർലമെന്റ് വഴി തീരുമാനിക്കുന്നതാണ്. തന്റെ ഔദ്യോഗിക കാലാവധിക്കുള്ളിൽ ഈ അധികാരങ്ങളും ശമ്പളവും കുറയ്ക്കപ്പെടാൻ പാടില്ല.

രണ്ടോ മൂന്നോ സംസ്ഥാനങ്ങളിൽ വർത്തിച്ചുവരുന്ന ഒരേ ഗവർണർക്ക് ഈ ശമ്പളവും അലവൻസുകളും ഒരേ അനുപാതത്തിൽ രാഷ്ട്രപതി തീരുമാനിക്കുന്നത് പ്രകാരം നടത്തപ്പെടുന്നു.

## *159* ഗവർണറുടെ പ്രതിജ്ഞ

**ചോ: ഗവർണർ എങ്ങനെയാണ് പ്രതിജ്ഞ എടുക്കുന്നത്?**

ഉ: ഏതൊരു ഗവർണറും, അല്ലെങ്കിൽ ഗവർണറുടെ കടമകൾ ചെയ്യുന്ന ഏതൊരു വ്യക്തിയും താൻ തന്റെ പദവിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഹൈക്കോടതി

ചീഫ് ജസ്റ്റിസിൻെറയോ അദ്ദേഹത്തിൻെറ ഒഴിവിൽ ഹൈക്കോടതിയിലെ ഏററവും സീനിയറായ ഒരു ജഡ്ജിയുടെയോ അദ്ദേഹത്തിൻെറ ഒഴിവിൽ ഹൈക്കോടതിയിലെ ഏററവും സീനിയറായ ഒരു ജഡ്ജിയുടെയോ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തിരിക്കണം.

## *160 ചില പ്രത്യേക സ്ഥലങ്ങളിൽ ഗവർണ്ണറുടെ പ്രവർത്തനങ്ങൾ*

**ചോ: ഒരു സംസ്ഥാനത്തിലെ ഏതെങ്കിലും പ്രദേശങ്ങളിൽ രാഷ്ട്രപതിക്ക് ഗവർണ്ണറുടെ പ്രവർത്തന നടപടി ക്രമീകരണം പുറപ്പെടുവിക്കാൻ കഴിയുമോ?**

ഉ: ഉവ്വ്. രാഷ്ട്രപതിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഈ പാഠത്തിൽ വിവരിക്കാത്ത വിധത്തിൽ ഗവർണ്ണറുടെ പ്രവർത്തന നടപടി ക്രമീകരണം പുറപ്പെടുവിക്കാൻ അദ്ദേഹത്തിന് സാധിക്കും.

## *161 മാപ്പ് നൽകുവാനും, ചില കേസിലെവാചകങ്ങൾ ലഘൂകരിക്കുന്നതിനും, പിരിച്ചുവിടുന്നതിനും ഒഴിവാക്കുന്നതിനുമുള്ള ഗവർണ്ണറുടെ അധികാരങ്ങൾ -*

**ചോ: ഗവർണ്ണർക്ക് മാപ്പ് അനുവദിക്കുന്നതിനും മററുമുള്ള അധികാരങ്ങൾ എന്തെല്ലാം?**

ഉ: ഗവർണ്ണർക്ക് മാപ്പ് അനുവദിക്കുന്നതിനും, ശിക്ഷ ഇളവു ചെയ്യുന്നതിനും, താല്ക്കാലിക മോചനം നൽകുന്നതിനും റദ്ദുചെയ്യുന്നതിനും ഒരു വ്യക്തി ഏതെങ്കിലും കുററത്താൽ ശിക്ഷിക്കപ്പെട്ടാൽ ആ ശിക്ഷ ഇളവുചെയ്യുന്നതിനും, ഒഴിവാക്കുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള അധികാരമുണ്ട്.

## *162 സംസ്ഥാനത്തിൻെറ എക്സിക്യൂട്ടീവ് അധികാരത്തിൻെറ പരിധി:-*

**ചോ: സംസ്ഥാനത്തിൻെറ എക്സിക്യൂട്ടീവ് അധി**

**കാര പരിധി ഏതാണ്?**

ഉ: സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അധികാര പരിധി സംസ്ഥാനത്തിലെ നിയമ നിർമ്മാണ. സഭയുടെ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള വസ്തുതകൾ വരെ വ്യാപിച്ചിരിക്കുന്നു.

ഈ വിവരിച്ച വസ്തുതകളിൽ ഭരണഘടനയിൽ വ്യക്തമായി വിവരിച്ചിട്ടുള്ള എക്സിക്യൂട്ടീവ് അധികാരം വരെ ഇത് വ്യാപിച്ചു കിടക്കുന്നു. അല്ലെങ്കിൽ പാർലമെന്റ് യൂണിയന് നിയമിച്ച നിയമം വരെ ഇത് വ്യാപിച്ചു കിടക്കുന്നു.

## മന്ത്രിസഭ

### *163 ഗവർണറെ ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള മന്ത്രിസഭ*

ചോ: **മന്ത്രിസഭയുടെ തലവൻ ആരാണ്?**

ഉ: മന്ത്രിസഭയുടെ തലവൻ മുഖ്യമന്ത്രിയാണ്.

ചോ: **ആരാണ് ഗവർണറെ ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുന്നത്?**

ഉ: മന്ത്രി സഭ

ചോ: **ഗവർണർക്ക് സ്വയം ഭരണാധികാരമുണ്ടോ?**

ഉ: ഉണ്ട്. ഭരണഘടനയെ സംബന്ധിക്കുന്ന തരത്തിലുള്ള ഏതെങ്കിലും ഒരു ചോദ്യം ഉന്നയിക്കുകയാണെങ്കിൽ ഗവർണറുടെ തീരുമാനമാണ് അന്തിമമായ തീരുമാനം. ഈ തീരുമാനത്തെ ആർക്കും ചോദ്യം ചെയ്യാവുന്നതല്ല.

### *164 മന്ത്രിമാരുടെ മറ്റു നടപടികൾ*

ചോ: **ആരാണ് മുഖ്യ മന്ത്രിയെ നിയമിക്കുന്നത്?**

ഉ: ഗവർണർ

**ചോ: മററു മന്ത്രിമാരെ നിയമിക്കുന്നത് ആരാണ്?**

ഉ: മുഖ്യമന്ത്രിയുടെ ഉപദേശ പ്രകാരം ഗവർണറാണ് മററു മന്ത്രിമാരെ നിയമിക്കുന്നത്.

**ചോ: മന്ത്രിമാരുടെ കാലാവധി എത്ര?**

ഉ: ഗവർണറുടെ പ്രീതി നിലനില്ക്കുന്നതുവരെ മന്ത്രിമാർ അവരുടെ പദവിയിൽ തുടരുന്നു

**ചോ: ബീഹാർ, മധ്യപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിന് ഒരു മന്ത്രിയെ ചുമതല ഏല്പിക്കേണ്ടത് ഗവർണറുടെ വിശേഷാൽ കർത്തവ്യമാണോ?**

ഉ: അതെ. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുള്ള ചുമതല വഹിക്കേണ്ടതും അവരുടെ കടമയാണ്.

**ചോ: മന്ത്രിസഭയുടെ ഉത്തരവാദിത്വം എന്താണ്?**

ഉ: സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയുമായി മന്ത്രിസഭ കൂട്ടമായി ഉത്തരവാദിത്വപ്പെടുന്നു.

**ചോ: മന്ത്രിമാർ തന്റെ പദവിയിൽ പ്രവേശിക്കുന്നതിനുമുമ്പ് ചെയ്തിരിക്കേണ്ടത് എന്താണ്?**

ഉ: 3-ാം പട്ടികയിൽ പറഞ്ഞതു പ്രകാരം അദ്ദേഹം തന്റെ പദവി സ്വീകരിക്കുന്നതിനുമുമ്പ് ഗവർണർ സത്യവാചകം ചൊല്ലിക്കൊടുക്കുന്നു.

**ചോ: ഒരു മന്ത്രിയുടെ ഭരണ കാലാവധി എപ്പോൾ തീരുന്നു?**

ഉ: ഒരു മന്ത്രി സംസ്ഥാന സഭയിൽ നിന്നും 6 മാസത്തോ

ഉം, ഒഴിവായാൽ തന്റെ മന്ത്രി സ്ഥാനം തീരുന്നു.

ചോ: **ആരാണ് മന്ത്രിമാരുടെ ശമ്പളവും അലവൻസുകളും തീരുമാനിക്കുന്നത്?**

ഉ: സമയാ സമയങ്ങളിലുള്ള ശമ്പളവും അലവൻസുകളും തീരുമാനിക്കുന്നത് സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയാണ്.

## അഡ്വക്കേറ്റ് ജനറൽ

### *165* സംസ്ഥാനത്തിലെ അഡ്വക്കേറ്റ് ജനറൽ

ചോ: **ആരാണ് അഡ്വ: ജനറലിനെ നിയമിക്കുന്നത്?**

ഉ: ഓരോ സംസ്ഥാനത്തിലെയും ഗവർണർ ആണ്.

ചോ: **ആരാണ് അഡ്വ: ജനറലായി നിയമിക്കപ്പെടുന്നത്?**

ഉ: ഹൈക്കോടതിയിലെ ജഡ്ജി ആകാൻ യോഗ്യതയുള്ള ഏതൊരാൾക്കും അഡ്വ. ജനറലാവാൻ കഴിയുന്നു.

ചോ: **അഡ്വ.: ജനറലിന്റെ കടമ എന്താണ്?**

ഉ: a) സർക്കാരിന്റെ നിയമ കാര്യങ്ങളിൽ ഉപദേശിക്കുക.
b) നിയമപരമായ മറ്റു ചില ചുമതലകൾ നിർവ്വഹിക്കുക.

ചോ: **തന്റെ പദവിക്ക് നിശ്ചിതകാലയളവുണ്ടോ?**

ഉ: ഇല്ല. ഗവർണർ ആവശ്യപ്പെടുന്നതുവരെ പദവി വഹിക്കാവുന്നതാണ്.

ചോ: **ആരാണ് ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നത്?**

ഉ: ഗവർണർ.

# സർക്കാരിന്റെ പ്രവർത്തനസ്വഭാവം

## *166 സംസ്ഥാനസർക്കാരിന്റെ പ്രവർത്തനസ്വഭാവം.*

**ചോ: എങ്ങനെയാണ് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം നടത്തുന്നത്?**

ഉ: സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ എക്സിക്യൂട്ടീവ് പ്രവർത്തനങ്ങളും ഗവർണറുടെ പേരിലാണ് അവതരിപ്പിക്കുന്നത്, ഗവർണറുടെ പേരിൽ കല്പനകൾ ഉണ്ടാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നത്, ഗവർണറാൽ നിർമ്മിച്ച് ആധികാരികമാക്കപ്പെട്ട നിയമങ്ങൾ വഴിയാണ്. ഈ ആധികാരികതയുടെ നിയമസാധുത ചോദ്യം ചെയ്യാൻ സാധ്യമല്ല. ഗവർണർക്ക് ഗവൺമെന്റ് പ്രവർത്തനസ്വഭാവം കൂടുതൽ സൗകര്യപ്രദമാക്കാൻ അധികാരമുണ്ട്.

## *167 ഗവർണർക്ക് ഉപദേശവും അറിവുകളും പ്രദാനം ചെയ്യുന്നതിനെ കുറിച്ച് മുഖ്യമന്ത്രിയുടെ കടമകൾ:-*

**ചോ: ഗവർണറുടെ പ്രവർത്തനത്തെ പറ്റി ഗവർണർക്ക് അറിവ് നൽകുന്നതിൽ മുഖ്യമന്ത്രിയുടെ കടമകൾ എന്തെല്ലാം?**

ഉ: മുഖ്യമന്ത്രിക്ക് താഴെപ്പറയുന്ന കടമകൾ ഉണ്ട്.

a) നിയമനിർമ്മാണ നിർദ്ദേശങ്ങളെയും സംസ്ഥാന ഭരണനീതിയെയും കുറിച്ച് മന്ത്രിസഭ തീരുമാനിക്കുന്ന തീരുമാനങ്ങൾ ഗവർണറുമായി ചർച്ചചെയ്യുക.

b) ഗവർണറുമായി ബന്ധപ്പെടുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കുക.

c) ഒരു മന്ത്രിയെടുക്കുന്ന തീരുമാനം, എന്നാൽ സഭ ഉൾക്കൊള്ളാത്തതുമായ തീരുമാനം മന്ത്രിസഭയുടെ പരിഗണന

യ്ക്കായി സമർപ്പിക്കുന്നു.

## പാഠം 3 സംസ്ഥാന നിയമ സഭ

### *168 സംസ്ഥാനത്തിലെ നിയമ സഭയുടെ ഭരണ ഘടന*

**ചോ: എങ്ങനെയാണ് സംസ്ഥാന നിയമ സഭ രൂപവൽക്കരിക്കുന്നത്?**

ഉ: ഓരോ സംസ്ഥാനത്തിനും ഒരു നിയമസഭ ഉണ്ടായിരിക്കും. രണ്ട് സഭകളും ഒരു ഗവർണറും ഇതിൽ ഉൾപ്പെടുന്നു.

**ചോ: ഇന്ത്യയിലെ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇരു സഭകളുള്ളത്?**

ഉ: ബീഹാർ, തമിഴ്നാട്, മഹാരാഷ്ട്ര, കർണ്ണാടക, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് ഇരുസഭകളുള്ളത്. മററുള്ള സംസ്ഥാനങ്ങളിലെല്ലാം ഒരു സഭ മാത്രമേയുള്ളു.

**ചോ: സഭകളുടെ പേരുകൾ എന്തെല്ലാമാണ്**

ഉ: നിയമസഭയിലെ രണ്ടു സഭകളിൽ ഒന്ന് നിയമ നിർമ്മാണ സമിതിയും മററൊന്ന് നിയമനിർമ്മാണ സഭയുമാണ്. ഒരു സഭ മാത്രമേയുള്ളുവെങ്കിൽ അതിനെ നിയമനിർമ്മാണസഭ എന്നു പറയുന്നു.

### *169 സംസ്ഥാനങ്ങളിൽ നിയമനിർമ്മാണ സമിതി രൂപവൽക്കരിക്കുവാനും വേണ്ടെന്നുവെയ്ക്കുവാനുമുള്ള വ്യവസ്ഥ:*

**ചോ. പാർലമെൻറിന് നിയമനിർമ്മാണ സമിതി രൂപവൽക്കരിക്കുവാനും വേണ്ടെന്നുവെയ്ക്കാനും സാധിക്കുമോ?**

ഉ: ഉവ്വ്. ഇതനുസരിച്ച് സംസ്ഥാനത്തെ സഭയിലെ ഭൂരി

പക്ഷം അംഗങ്ങളും സഭയിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗവും ചേർന്ന് വോട്ട് ചെയ്യുകയും പ്രമേയം പാസാക്കുകയും ചെയ്താൽ പാർലമെന്റിനു സമിതി നിലവിലില്ലാത്ത സംസ്ഥാനത്ത് അത് രൂപീകരിക്കുവാനുള്ള സംസ്ഥാനത്ത് അതില്ലാതാക്കുവാനും അധികാരമുണ്ടായിരിക്കും.

## 170 നിയമ നിർമ്മാണ സഭയുടെ നിർമ്മാണം

**ചോ: ഒരു നിയമ നിർമ്മാണ സഭയിൽ ഉൾക്കൊള്ളാവുന്ന അംഗങ്ങൾ എത്ര?**

ഉ: ഒരു സംസ്ഥാന സഭയിലെ അംഗസംഖ്യ കൂടിയാൽ 500 എന്നും ഏറ്റവും കുറഞ്ഞാൽ 60 എന്നും ഭരണഘടനയിൽ നിബന്ധന ചെയ്തിട്ടുണ്ട്.

**ചോ: എങ്ങനെയാണ് നിയോജക മണ്ഡലങ്ങൾ വിഭജിക്കുന്നത്?**

ഉ: സഭയിലെ സീറ്റിന്റെ എണ്ണം അനുസരിച്ച് സംസ്ഥാനത്തെ വിവിധ നിയോജക മണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ നിയോജക മണ്ഡലത്തിലെയും ജനസംഖ്യയും സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള അംഗസംഖ്യയും തമ്മിൽ കഴിയും വിധം അനുപാതം നിലനിറുത്തുവാൻ ശ്രമിക്കുന്നു.

**ചോ: ഓരോ ദശവർഷാവസാനത്തിലെ കാനേഷുമാരി കണക്കിലെ ജനസംഖ്യയിൽ വരുന്ന മാറ്റങ്ങളെ ആധാരമാക്കി നിയോജകമണ്ഡലങ്ങളെ പുനർനിർണ്ണയം ചെയ്യുന്നുണ്ടോ?**

ഉ: ഉണ്ട്. പാർലമെന്റ് തീരുമാനം അനുസരിച്ചാണ്

## 171 നിയമനിർമ്മാണസമിതിയുടെ നിർമ്മാണം

**ചോ: ഒരു നിയമ നിർമ്മാണ സമിതിയിൽ ഉൾക്കൊള്ളാവുന്ന അംഗങ്ങൾ എത്ര?**

ഉ: സംസ്ഥാനനിയമസഭയിലെ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് അംഗങ്ങളിൽ കൂടാൻ പാടുള്ളതല്ല. എന്നാൽ 40-ൽ കുറയാനും പാടില്ല.

**ചോ: എങ്ങനെയാണ് നിയമനിർമ്മാണ സഭയുടെ ഘടന വിവരിക്കുന്നത്?**

ഉ: സംസ്ഥാന സമിതിയിലെ ആകെ അംഗങ്ങളുടെ എണ്ണം:-

a) സംസ്ഥാനത്തെ സ്വയംഭരണാവകാശമുള്ള മുൻസിപ്പാലിറ്റി, ജില്ലാ ബോർഡ് എന്നിങ്ങനെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയോജക മണ്ഡലങ്ങളിൽനിന്നും മൂന്നിലൊന്നംഗങ്ങൾ തെരഞ്ഞെടുക്കപ്പെടണം.

b) മൂന്നിലൊന്നംഗങ്ങൾ സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭാ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം.

c) പന്ത്രണ്ടിലൊന്ന് അംഗങ്ങൾ സെക്കൻഡറി സ്കൂൾ അധ്യാപകരാൽ, കുറഞ്ഞത് മൂന്നുവർഷമെങ്കിലും അധ്യാപന പരിചയമുള്ള ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരാൽ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം.

d) പന്ത്രണ്ടിലൊന്ന് അംഗങ്ങൾ സർവ്വകലാശാലാ ബിരുദധാരികളുടെ (മൂന്ന് വർഷമെങ്കിലും പഴക്കമുണ്ടായിരിക്കണം) നിയോജക മണ്ഡലത്തിൽ നിന്നോ സംസ്ഥാനത്ത് അധിവസിക്കുന്ന മറ്റു പരീക്ഷാ യോഗ്യതയുള്ളവരിൽ നിന്നോ തിരഞ്ഞെടുക്കപ്പെടണം.

e) ബാക്കി അംഗങ്ങളെ സാഹിത്യം, ശാസ്ത്രം, സഹകരണപ്രസ്ഥാനം, സാമൂഹ്യ സേവനം, തുടങ്ങിയ മേഖലകളിൽ വിശേഷാൽ അറിവും പ്രായോഗിക പരിജ്ഞാനവും നേടിയവരിൽ നിന്നും ഗവർണ്ണർ നോമിനേറ്റ് ചെയ്യണം.

## *172 സംസ്ഥാന നിയമസഭയുടെ കാലാവധി.*

**ചോ: സംസ്ഥാന നിയമസഭയുടെ സാധാരണ ഗതിയിലുള്ള കാലാവധി എത്രയാണ്?**

ഉ: സാധാരണഗതിയിലുള്ള കാലാവധി 5 വർഷമാണ്.

**ചോ: അടിയന്തര ഘട്ടങ്ങളിൽ ഈ കാലയളവ് വർദ്ധിപ്പിക്കുവാൻ സാധിക്കുമോ?**

ഉ: ഉണ്ട്. അടിയന്തര കാലഘട്ടങ്ങളിൽ നിയമസഭയുടെ കാലാവധി ഓരോ വർഷം വീതം നീട്ടുവാനും പാർലമെന്റ് പാസാക്കുന്ന നിയമം മൂലം സാധിക്കും എന്നാൽ അടിയന്തരാവസ്ഥ അവസാനിച്ച് 6 മാസത്തിനുശേഷം അങ്ങനെ കാലാവധി വർദ്ധിപ്പിക്കാവുന്നതല്ല.

**ചോ: സംസ്ഥാന നിയമ നിർമ്മാണസമിതി പിരിച്ചുവിടുവാൻ സാധിക്കുമോ?**

ഉ: ഇല്ല. അതിലെ അംഗങ്ങളുടെ മൂന്നിലൊരു ഭാഗം രണ്ട് വർഷത്തിലൊരിക്കൽ മാറി വന്നുകൊണ്ടിരിക്കുന്നു.

## *173 സംസ്ഥാന നിയമസഭയിലെ അംഗങ്ങളുടെ യോഗ്യതകൾ*

**ചോ: സംസ്ഥാന നിയമസഭയിൽ അംഗമാകാൻ വേണ്ട യോഗ്യതകൾ എന്ത്?**

ഉ: നിയമസഭാ അംഗമാകുവാൻ അദ്ദേഹം ഒരു ഇന്ത്യൻ പൗരനായിരിക്കണം. തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിക്കുന്ന ഏതെങ്കിലും ഒരു അധികാരിയുടെ മുമ്പാകെ അദ്ദേഹം പ്രതിജ്ഞ ചെയ്തിരിക്കണം. ലോകസഭയിലെ ഒരു അംഗമെന്ന പോലെ സഭയിലെ അംഗത്തിനും കുറഞ്ഞത് 25 വയസ്സ് തിരഞ്ഞെടുപ്പ് സമയത്ത് പൂർത്തിയായിരിക്കണം. സമിതിയിൽ അംഗമാകുന്നതിന് കുറഞ്ഞ പ്രായപരിധി 35 വയസ്സാണ്. സംസ്ഥാന നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടാൻ മററു യോഗ്യതകൾ കൂടി വേണം.

## *174 സംസ്ഥാന നിയമസഭയുടെ സമ്മേളനവും പിരിച്ചുവിടലും*

**ചോ: സംസ്ഥാന നിയമസഭയിലെ ഇരുസഭകളെയും**

**വിളിച്ചുവരുത്താനുള്ള അധികാരം ആർക്കാണ്?**

ഉ: സമയാസമയങ്ങളിൽ ഒരു പ്രത്യേക സ്ഥലത്ത് ഇരുസഭകളെയും വിളിച്ചുവരുത്തുന്നതിനുള്ള അധികാരം ഗവർണർക്കുണ്ട്. പക്ഷേ കഴിഞ്ഞ യോഗവും അടുത്ത് വിളിച്ചുവരുത്തുന്ന യോഗവും തമ്മിൽ 6 മാസത്തെ വ്യത്യാസം ഉണ്ടായിരിക്കണം.

**ചോ: നിയമസഭയെക്കുറിച്ച് ഗവർണറുടെ മറ്റ് അധികാരങ്ങൾ എന്തെല്ലാം?**

ഉ: ഇരുസഭകളുടെ അടുക്കൽ എത്തുകയും സഭയുടെ സമ്മേളനം പിരിച്ചുവിടുന്നതിനും നിയമനിർമ്മാണ സഭ പിരിച്ചുവിടുന്നതിനും അദ്ദേഹത്തിന് അധികാരമുണ്ട്. സഭ പിരിച്ചുവിടുക എന്നതുകൊണ്ട് പുതിയ തിരഞ്ഞെടുപ്പിന് വിളിച്ചുകൂട്ടുക അല്ലെങ്കിൽ രാഷ്ട്രപതിയുടെ നിയമങ്ങൾ ആവിഷ്കരിക്കുക എന്നീ അർത്ഥങ്ങൾ ഉണ്ട്.

## *175. സഭകളിലേയ്ക്ക് സന്ദേശങ്ങൾ അയയ്ക്കുന്നതിനുള്ള ഗവർണറുടെ അധികാരം:—*

**ചോ: നിയമനിർമ്മാണ സഭയിലേയ്ക്കോ നിയമനിർമ്മാണ സമിതിയിലേയ്ക്കോ ഇരുസഭകൾക്കും കൂടി ഒരുമിച്ചോ സന്ദേശങ്ങൾ അയയ്ക്കുവാൻ ഗവർണർക്ക് അധികാരമുണ്ടോ?**

ഉ: ഉണ്ട്. ഇരുസഭകളിലേയ്ക്കും പ്രത്യേകം പ്രത്യേകമോ, കൂട്ടായോ സന്ദേശങ്ങൾ അയയ്ക്കാൻ അദ്ദേഹത്തിന് അധികാരമുണ്ട്. അംഗങ്ങളുടെ ഹാജർ ആവശ്യപ്പെടുവാനും അദ്ദേഹത്തിന് അധികാരമുണ്ട്.

**ചോ: എപ്പോഴാണ് സഭകളിലേക്ക് സന്ദേശം അയയ്ക്കുന്നത്**

ഉ: സാധാരണയായി സംസ്ഥാന നിയമസഭയിൽ ഒരു ബില്ല് നിലവിലുള്ളപ്പോഴാണ് അദ്ദേഹം സഭകളിലേയ്ക്ക്

സന്ദേശങ്ങൾ അയക്കുന്നത്. ബിൽ നിലവിലില്ലാത്ത സമയങ്ങളിലും അദ്ദേഹത്തിന് സന്ദേശങ്ങൾ അയയ്ക്കാവുന്നതാണ്.

### 176. ഗവർണർ വഴിയുള്ള പ്രത്യേക സന്ദേശം:-

ചോ: **എപ്പോഴാണ് നിയമനിർമ്മാണ സഭയിലേക്ക് പ്രത്യേക സന്ദേശം അയയ്ക്കുവാൻ ഗവർണർക്ക് അധികാരമുള്ളത്?**

ഉ: ഓരോ പൊതു തിരഞ്ഞെടുപ്പിനു ശേഷം നിയമ നിർമ്മാണസഭ കൂടുമ്പോൾ ആദ്യസമ്മേളനം തുടങ്ങുമ്പോഴും എല്ലാവർഷവും ഉള്ള ആദ്യസമ്മേളനത്തിന്റെ ആരംഭത്തിൽ ഗവർണർ നിയമ നിർമ്മാണ സഭയ്ക്ക് സന്ദേശം നൽകുന്നു. അല്ലെങ്കിൽ ഇരു സഭകൾക്കും നൽകുന്നു. സമ്മേളനത്തിന്റെ കാരണം നിയമ നിർമ്മാണ സഭയ്ക്ക് അറിവ് നല്കുന്നതിനു വേണ്ടിയാണ് ഈ സന്ദേശം അയയ്ക്കുന്നത്.

### 177. മന്ത്രിമാരുടെയും അഡ്വക്കേറ്റ് ജനറലിന്റെയും അവകാശങ്ങൾ -

ചോ: **നിയമ നിർമ്മാണ സഭയെക്കുറിച്ച് മന്ത്രിമാരുടെയും അഡ്വ: ജനറലിന്റെയും അവകാശങ്ങൾ എന്തെല്ലാം?**

ഉ: ഇരു സഭകളിലും നിയമ സഭയിൽ അംഗങ്ങളായുള്ള കമ്മറ്റികളിലും പങ്കെടുക്കുന്നതിനും അഭിപ്രായങ്ങൾ പ്രസ്താവിക്കുന്നതിനുമുള്ള അവകാശങ്ങൾ ഉണ്ട്. പക്ഷെ അവർക്ക് വോട്ട് ചെയ്യുന്നതിനുള്ള അവകാശമില്ല.

## സംസ്ഥാന നിയമ സഭയുടെ മേലധികാരി

### 178. നിയമനിർമ്മാണ സഭയുടെ സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും

ചോ; **ആരാണ് നിയമനിർമ്മാണ സഭയിലെ സ്പീ**

കറേയും ഡെപ്യൂട്ടിസ്പീക്കറേയും തിരഞ്ഞെടുക്കുന്നത്?

ഉ: നിയമ നിർമ്മാണ സഭയിലെ അംഗങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഭാരവാഹികളാണ് സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും.

ചോ: അവരുടെ ഒഴിവിൽ സ്പീക്കറായും, ഡെപ്യൂട്ടി സ്പീക്കറായും ആർക്കാണ് സ്ഥാനമേൽക്കാൻ പറ്റുക?

ഉ: അവരുടെ ഒഴിവിൽ സഭയിൽ മറ്റൊരു വ്യക്തിയെ സ്പീക്കറായും, ഡെപ്യൂട്ടി സ്പീക്കറായും തിരഞ്ഞെടുക്കുന്നു.

## 179. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും ഔദ്യോഗിക പദവിയിൽ നിന്നുമുള്ള വിടവ്, രാജി, പിരിച്ചുവിടൽ

ചോ: എപ്പോഴാണ് സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും തന്റെ ഔദ്യോഗിക പദവിയിൽ നിന്നും ഒഴിവാകുന്നത്?

ഉ: ആ സഭയിലെ അംഗത്വം നിർത്തലാക്കുമ്പോൾ അദ്ദേഹത്തിന്റെ പദവിയും നഷ്ടമാകുന്നു.

ചോ: സ്പീക്കർക്കോ, ഡെപ്യൂട്ടി സ്പീക്കർക്കോ തന്റെപദവി രാജിവയ്ക്കാൻ സാധിക്കുമോ?

ഉ: സ്പീക്കർക്ക് ഒരു രാജിക്കത്ത് ഡെപ്യൂട്ടി സ്പീക്കർക്ക് സമർപ്പിച്ചും ഡെപ്യൂട്ടി സ്പീക്കർക്ക് ഒരു രാജി കത്ത് സ്പീക്കർക്ക് സമർപ്പിച്ചും രാജി വയ്ക്കാവുന്നതാണ്.

ചോ: സ്പീക്കറിനെയോ ഡെപ്യൂട്ടി സ്പീക്കറിനെയോ തന്റെ പദവിയിൽ നിന്നും പിരിച്ചു വിടാമോ?

ഉ: ഉണ്ട്. അതിലേക്കായി ഒരു പ്രമേയം കൊണ്ടുവരേണ്ടതുണ്ട്. ആ പ്രമേയം പാസ്സാക്കുന്നതിന് സഭയുടെ പൂർണ്ണ ഭൂരിപക്ഷം ആവശ്യമാണ്. എന്നാൽ ഈ പ്രമേയം പാസ്സാക്കുന്നത്, ചുരുങ്ങിയത് 14 ദിവസം മുമ്പ് നോട്ടീസ് കൊടുത്തതിനു ശേഷമായിരിക്കണം.

**ചോ: സഭ പിരിച്ചുവിടുമ്പോൾ സ്പീക്കർക്ക് തന്റെ പദവിയിൽ നിന്നും ഒഴിവാകാമോ?**

ഉ: ഇല്ല, സഭ പിരിച്ചുവിടുമ്പോൾ, പ്രമേയത്തിനുശേഷമുള്ള ആദ്യ യോഗം വരെ സ്പീക്കർക്ക് തന്റെ പദവിയിൽ നിന്നും ഒഴിവാകാൻ സാധ്യമല്ല.

### *180. സ്പീക്കറിന്റെയോ, ഡെപ്യൂട്ടി സ്പീക്കറിന്റെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെയോ ഔദ്യോഗിക കടമകൾ ചെയ്യുന്നതിനുള്ള അധികാരം:–*

**ചോ: സ്പീക്കറുടെ ഒഴിവിൽ തന്റെ കടമകൾ ചെയ്യാനുള്ള അധികാരം ആർക്കാണ്?**

ഉ: ഡെപ്യൂട്ടി സ്പീക്കറോ, അല്ലെങ്കിൽ ഗവർണർ നിയമിക്കുന്നതായ സഭയിലെ ഒരു അംഗത്തിനോ, സ്പീക്കറുടെ ഒഴിവിൽ തന്റെ കടമകൾ ചെയ്യാനുള്ള അധികാരമുണ്ട്.

**ചോ: സഭയിലെ ഒരു യോഗത്തിലുള്ള സ്പീക്കറിന്റെ ഒഴിവിൽ ആർക്കാണ് സ്പീക്കറുടെ സ്ഥാന ലബ്ധിയുള്ളത്?**

ഉ: ഡെപ്യൂട്ടി സ്പീക്കർക്കാണ്, അല്ലെങ്കിൽ അദ്ദേഹവും ഒഴിവാണെങ്കിൽ സഭയുടെ നിയമ നടപടിക്രമത്തിൽ നിർണ്ണയിക്കപ്പെടുന്ന വ്യക്തി, അല്ലെങ്കിൽ സഭ നിയമിക്കുന്ന വ്യക്തിക്ക് സ്പീക്കറാകാവുന്നതാണ്.

### *181. ഒരു സ്പീക്കറിനോ, ഡെപ്യൂട്ടി സ്പീക്കറിനോ എതിരെയുള്ള പ്രമേയം [illegible]*

**പദവിയിൽ നിന്നും പിരിച്ചുവിടുവാനുള്ള പ്രമേയത്തിന്മേൽ അദ്ധ്യക്ഷനാകാൻ പാടുള്ളതല്ല**

**ചോ: നിയമ നിർമ്മാണസഭയിലെ ഈ നടപടിയിൽ സ്പീക്കറോ, ഡെപ്യൂട്ടിസ്പീക്കറോ, അദ്ധ്യക്ഷനാകാൻ ഉള്ള അധികാരം അനുവദിക്കാത്തത് എപ്പോഴാണ് ?**

ഉ: സഭയുടെ പരിഗണന പ്രകാരം ഏതെങ്കിലും ഒരു പ്രമേയം അവരുടെ പിരിച്ചു വിടലിനെക്കുറിച്ച് പ്രതിപാദിക്കുകയാണെങ്കിൽ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും അദ്ധ്യക്ഷനാകാൻ പാടില്ലാത്തതാണ്.

**ചോ: ഭരണഘടനാ പ്രകാരം അദ്ദേഹത്തെ തന്റെ പദവിയിൽ നിന്നും പിരിച്ചുവിടുന്ന പ്രമേയത്തിൽ നിയമ നിർമ്മാണ സഭയിലെ നടപടികളിൽ പങ്കെടുക്കുന്നതിനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശമുണ്ടോ?**

ഉ: ഉണ്ട്. സഭയിലെ നടപടികളിൽ പങ്കെടുക്കുന്നതിനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള അവകാശമുണ്ട്, ഈ പ്രമേയത്തിൽ വോട്ട് രേഖപ്പെടുത്താനുള്ള അവകാശം അദ്ദേഹത്തിനുണ്ട് അല്ലെങ്കിൽ ഈ നടപടിയിലെ ഏതെങ്കിലും ഒരു കാര്യത്തിൽ വോട്ട് രേഖപ്പെടുത്താനുള്ള അവകാശമുണ്ട്, വോട്ടിന്റെ സമത്വത്തിലുള്ള കാര്യത്തിൽ അദ്ദേഹത്തിന് അവകാശമില്ല

## *182 നിയമനിർമ്മാണ സമിതിയിലെ ചെയർമാനും ഡെപ്യൂട്ടി ചെയർമാനും:-*

**ചോ: നിയമനിർമ്മാണ സമിതിയിലെ ചെയർമാനെയും ഡെപ്യൂട്ടി ചെയർമാനെയും തിരഞ്ഞെടുക്കുന്നത് ആരാണ്?**

ഉ: നിയമ നിർമ്മാണ സമിതിയിലെ അംഗങ്ങളിൽ നിന്നും

ടുക്കപ്പെട്ട ആളാണ് ഭാരവാഹികളായ ചെയർമാനും ഡെപ്യൂട്ടി ചെയർമാനും. ഏതെങ്കിലും ഒരു അധികാരമൊഴിവാണെങ്കിൽ സമിതിയിൽ ഒരു ചെയർമാനെയും ഡെപ്യൂട്ടി ചെയർമാനെയും തെരഞ്ഞെടുക്കാനുള്ള അധികാരമുണ്ട്.

## *183 ചെയർമാനും, ഡെപ്യൂട്ടി ചെയർമാനും തന്റെ പദവിയിൽ നിന്നുമുള്ള വിടവ്, രാജി, പിരിച്ചുവിടൽ*

**ചോ: എപ്പോഴാണ് നിയമ നിർമ്മാണ സമിതിയിലെ ചെയർമാനും, ഡെപ്യൂട്ടി ചെയർമാനും തന്റെ പദവിയിൽ നിന്നും ഒഴിവാകുന്നത്?**

ഉ: സഭയിലെ അംഗത്വം നിർത്തലാവുമ്പോഴാണ് അദ്ദേഹം തന്റെ പദവിയിൽ നിന്നും ഒഴിവാകുന്നത്.

**ചോ: ചെയർമാനും, ഡെപ്യൂട്ടി ചെയർമാനും തന്റെ പദവി രാജി വെയ്ക്കാനുള്ള അവകാശമുണ്ടോ?**

ഉ: ഉണ്ട്. ഡെപ്യൂട്ടി ചെയർമാൻ ഒരു രാജിക്കത്ത് ചെയർമാന്റെ മുമ്പാകെ സമർപ്പിച്ചും ചെയർമാൻ ഒരു രാജിക്കത്ത് ഡെപ്യൂട്ടി ചെയർമാന്റെ മുമ്പാകെ സമർപ്പിച്ചും തന്റെ പദവി രാജിവെയ്ക്കാവുന്നതാണ്.

**ചോ: ചെയർമാനെയും ഡെപ്യൂട്ടി ചെയർമാനെയും തന്റെ പദവിയിൽ നിന്നും പിരിച്ചു വിടാനാവുമോ?**

ഉ: ഉവ്വ്. കൗൺസിലിലെ (സമിതിയിലെ) ഭൂരിപക്ഷം അംഗങ്ങളുടെ പ്രമേയപ്രകാരം ചെയർമാനെയും ഡെപ്യൂട്ടി ചെയർമാനെയും തന്റെ പദവിയിൽ നിന്നും പിരിച്ചു വിടുന്നു

## *184 ഡെപ്യൂട്ടി ചെയർമാനോ, മറ്റേതെങ്കിലും വ്യക്തികൾക്കോ ചെയർമാന്റെതായിട്ടുള്ള കടമകൾ പ്രാവർത്തികമാക്കുന്ന*

തിനുള്ള അധികാരം.

ഉ: ചെയർമാന്റെ പദവി ഒഴിവുണ്ടെങ്കിൽ ഡെപ്യൂട്ടി ചെയർമാനും, അദ്ദേഹത്തിന്റെയും ഒഴിവിൽ സമിതിയിലെ ഏതെങ്കിലും ഒരു വ്യക്തിയെ ഗവർണർ നിയമിക്കുന്നുവെങ്കിൽ അദ്ദേഹം ഈ കടമ പ്രവർത്തികമാക്കുന്നു.

**ചോ: സഭയിലെ യോഗത്തിൽ ചെയർമാൻ ഒഴിവായിരിക്കുമ്പോൾ ആരാണ് ചെയർമാനായി സ്ഥാനമേൽക്കുക?**

ഉ: ഡെപ്യൂട്ടി ചെയർമാനാണ് ഈ സ്ഥാനമേൽക്കുന്നത്. ഡെപ്യൂട്ടി ചെയർമാന്റെയും ഒഴിവാണെങ്കിൽ സഭാ നടപടികളുടെ നിയമ പ്രകാരം തിരുമാനിക്കപ്പെട്ട ഒരു വ്യക്തിക്ക് ചെയർമാനായി സ്ഥാനമേൽക്കാവുന്നതാണ്.

*185. ഒരു ചെയർമാനോ, ഡെപ്യൂട്ടി ചെയർമാനോ, ഭരണഘടനാ പ്രകാരം തന്റെ പദവിയിൽ നിന്നും പിരിച്ചു വിടുവാനുള്ള പ്രമേയത്തിൽ അദ്ധ്യക്ഷനാകാൻ പാടുള്ളതല്ല.*

**ചോ: സഭയിലെ ഈ നടപടികളിൽ ചെയർമാനോ ഡെപ്യൂട്ടി ചെയർമാനോ, അദ്ധ്യക്ഷനാകാൻ ഉള്ള അധികാരം അനുവദിക്കാത്തതെപ്പോഴാണ്?**

ഉ: സഭയുടെ പരിഗണന പ്രകാരം ഏതെങ്കിലും ഒരു പ്രമേയം അവരുടെ പിരിച്ചു വിടലിനെക്കുറിച്ച് പ്രതിപാദിക്കുകയാണെങ്കിൽ ചെയർമാനും ഡെപ്യൂട്ടി ചെയർമാനും അദ്ധ്യക്ഷനാകാൻ പാടില്ലാത്തതാണ്.

**ചോ: തന്റെ പിരിച്ചുവിടലിനെക്കുറിച്ചുള്ള സഭയുടെ പ്രമേയത്തിൽ ചെയർമാന്റെ അധികാരങ്ങൾ എന്തെല്ലാം?**

ഉ: നിയമ നിർമ്മാണ സമിതിയുടെ നടപടികളിൽ പങ്കെടുക്കുന്നതിനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും ചെയർമാന് അവകാശമുണ്ട്. അദ്ദേഹത്തിന് വോട്ട് ചെയ്യുന്നതിനുള്ള അവകാശമുണ്ട്.

### 186. സ്പീക്കറിന്റെയും ഡെപ്യൂട്ടി സ്പീക്കറിന്റെയും, ചെയർമാന്റെയും ഡെപ്യൂട്ടി ചെയർമാന്റെയും ശമ്പളവും അലവൻസുകളും

ചോ: **ആരാണ് ഇവരുടെയെല്ലാം ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നത്?**

ഉ: നിയമ നിർമ്മാണ സഭയാണ് ഇതെല്ലാം നിശ്ചയിക്കുന്നത്.

### 187. നിയമ നിർമ്മാണ സഭയുടെ സെക്രട്ടേറിയേററ്

ചോ: **ഇരുസഭകളിലും പ്രത്യേകം സെക്രട്ടറിയേററ് ഉണ്ടോ?**

ഉ: ഉണ്ട് നിയമനിർമ്മാണ സഭയിലെ ഇരു സഭകൾക്കും പ്രത്യേകം സെക്രട്ടറിയേററ് ഉണ്ട്.

ചോ: **ഇരുസഭകളിലും കൂടി ഒരു പദവിയേ ഉള്ളോ?**

ഉ: ഉവ്വ്.

ചോ: **സെക്രട്ടറിയേററ് സ്റ്റാഫായി നിയമിച്ച വ്യക്തിയെ നിയന്ത്രിക്കുന്നത് ആരാണ്?**

ഉ: സംസ്ഥാന നിയമസഭയാണ് ഇവരെ നിയന്ത്രിക്കുന്നത്

## പ്രവർത്തന സ്വഭാവം.

### 188. അംഗങ്ങളുടെ പ്രതിജ്ഞ.

ചോ: നിയമ നിർമ്മാണ സഭയിലെയോ, നിയമ നിർമ്മാണ സമിതിയിലെയോ എല്ലാ അംഗവും താൻ പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പ് എന്താണ് ചെയ്യേണ്ടത്?

ഉ: 3-ാം പട്ടികയിൽ വിവരിക്കുന്നതുപോലെ, അവർ പദവിയിൽ പ്രവേശിക്കുന്നതിനുമുമ്പ് ഒരു പ്രതിജ്ഞ എടുത്തിരിക്കണം.

ചോ: ആരുടെ മുമ്പാകെയാണ് പ്രതിജ്ഞ ചെയ്യേണ്ടത്?

ഉ: ഗവർണറുടെയോ, ഗവർണർ നിശ്ചയിക്കുന്ന ഒരു വ്യക്തിയുടെയോ, മുമ്പാകെ അദ്ദേഹം പ്രതിജ്ഞ ചെയ്തിരിക്കണം.

## 189. സഭകളിലെ വോട്ടിംഗും, ഒഴിവിലും എണ്ണത്തിലും ചെറുത്തുനിൽക്കാൻ സഭകളുടെ അധികാരവും.

ചോ: ഒരു സഭയിലെ അല്ലെങ്കിൽ സഭകളിലെ യോഗത്തിലെ ഏതെങ്കിലും ചോദ്യത്തെ അല്ലെങ്കിൽ പ്രശ്നത്തെ കുറിച്ച് തീരുമാനിക്കുന്ന രീതി എങ്ങനെയാണ്?

ഉ: ആ യോഗത്തിൽ ഹാജരായതും വോട്ടിന്റെ എണ്ണങ്ങളുടെ ഭൂരിപക്ഷം തീരുമാനിക്കുന്നതുമായ തീരുമാനങ്ങളിലാണ്.

ചോ: അങ്ങനെയൊരു വോട്ടിന് ഒരു സ്പീക്കറോ ചെയർമാനോ, അർഹനായാൽ അദ്ദേഹത്തിന് ഈ പ്രശ്നം തീരുമാനിക്കാമോ?

ഉ: ഇല്ല.

ചോ: അംഗങ്ങളുടെ ഒഴിവിനെ ചെറുത്തുനിൽക്കാനുള്ള അധികാരം സഭയ്ക്ക് ഉണ്ടോ?

ഉ: ഉവ്വ്

ചോ: ഈ നടപടികളിലോ, പങ്കെടുക്കുകയോ, വോട്ടു ചെയ്യുകയോ, യോഗത്തിൽ പങ്കെടുക്കുകയോ, ചെയ്ത അധികാരികളല്ലാത്ത വ്യക്തിയുടെ സഭയിലെ തീരുമാനങ്ങൾ അസാധുവാക്കി പ്രഖ്യാപിക്കാൻ സാധിക്കുമോ?

ഉ: ഇല്ല.

ചോ: ഒരു യോഗം രൂപീകരിക്കുന്നതിന് ആവശ്യമായ ക്വാറം, എത്രയാണ് (ക്വാറം—നിശ്ചിതഅംഗങ്ങളുടെ എണ്ണം)

ഉ: സാധാരണയായി ക്വാറം തീരുമാനിക്കുന്നത് സംസ്ഥാന നിയമസഭയാണ്. ഇതിന്റെ അപര്യാപ്തതയിൽ 10 അംഗങ്ങളോ, സഭയിലെ മൊത്തം അംഗങ്ങളുടെ പത്തിലൊന്ന് ഭാഗം അംഗങ്ങളോ, ഏതാണ് കൂടുതൽ അതാണ് ക്വാറം.

ചോ: ക്വാറം, ഇല്ല എങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഉ: യോഗത്തിൽ ക്വാറം ഇല്ല എങ്കിൽ സഭ മാറ്റി വയ്ക്കുകയോ, ക്വാറം ഉണ്ടാകുന്നതുവരെ മീറ്റിംഗ് താല്ക്കാലികമായി നിർത്തിവയ്ക്കുകയോ ചെയ്യേണ്ടത് അദ്ധ്യക്ഷ അധികാരിയുടെ കടമയാണ്.

## അംഗങ്ങളുടെ അയോഗ്യതകൾ.

### *190. സീറ്റുകളുടെ ഒഴിവുകൾ.*

ചോ: ഒരു വ്യക്തിക്ക് ഇരുസഭകളിലെയും അംഗങ്ങളാകാൻ സാധിക്കുമോ?

ഉ: ഇല്ല.

**ചോ: ഒരു വ്യക്തിക്ക് രണ്ടോ അതിലധികമോ, സംസ്ഥാനങ്ങളുടെ നിയമ സഭയിലെ അംഗമാകാൻ കഴിയുമോ?**

ഉ: ഇല്ല.

**ചോ: അങ്ങനെ സംഭവിച്ചാൽ എന്താണ് ചെയ്യേണ്ടത്?**

ഉ: അങ്ങനെ സംഭവിച്ചാൽ എന്തെങ്കിലും ഒരു സീററിലൊഴികെ മററ സീററിൽ രാജിവെയ്ക്കണം. അല്ലെങ്കിൽ രാഷ്ട്രപതി നിർണയിച്ച നിയമപ്രകാരം ആ സീററ് ഒഴിവാക്കി പ്രഖ്യാപിക്കുന്നു.

**ചോ: ഒരു സഭയിലെ അംഗത്തിന് തന്റെ പദവിയിൽ നിന്നും രാജി വെയ്ക്കാനാവുമോ?**

ഉ: ഉവ്വ്. സ്പീക്കർക്കോ, ചെയർമാനോ ഒരു രാജിക്കത്ത് സമർപ്പിച്ച് അദ്ദേഹത്തിന് രാജിവെയ്ക്കാവുന്നതാണ്. അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചാൽ ആ പദവി ഒഴിഞ്ഞിരിക്കും.

**ചോ: സ്പീക്കർക്കോ ചെയർമാനോ ഈ രാജി തിരസ്കരിക്കാനാവുമോ?**

ഉ: ഉവ്വ്, അന്വേഷണത്തിൽ ഈ രാജി, സ്വമേധയാ അല്ലെന്നും വാസ്തവമല്ലെന്നും മനസിലായാൽ ഈ രാജി അവർക്ക് തിരസ്കരിക്കാവുന്നതാണ്.

**ചോ: എപ്പോഴാണ് സഭ ഒരു പദവി ഒഴിഞ്ഞതായി കാണുന്നത്?**

ഉ: സഭയിലെ ഒരു അംഗം സമ്മതം കൂടാതെ എല്ലാ യോഗങ്ങളിൽ നിന്നും 60 ദിവസത്തോളം ഹാജരാകാതിരുന്നാൽ ഈ പദവി ഒഴിഞ്ഞതായി പ്രഖ്യാപിക്കുന്നു.

## 191. അംഗത്വത്തിന്റെ അയോഗ്യതകൾ

**ചോ: നിയമ നിർമ്മാണ സമിതിയിലോ, സഭയിലോ തിരഞ്ഞെടുക്കപ്പെട്ടിട്ട് ആരാണ് അയോഗ്യനാകുന്നത്?**

ഉ: ഒരു വ്യക്തി അയോഗ്യനാകുന്നു:—

a) ഇന്ത്യാ ഗവർണ്മെന്റിന്റെ ഏതെങ്കിലും ആദായം കിട്ടുന്ന ജോലി ചെയ്യുക അല്ലെങ്കിൽ 1-ാം പട്ടികയിൽ വിവരിച്ച പ്രകാരം സംസ്ഥാന ഗവൺമെന്റിന്റെയോ ഓഫീസിൽ ജോലി ചെയ്യുക.

b) അവൻ ഒരു മന്ദബുദ്ധിയായി യോഗ്യമായ കോടതി പ്രഖ്യാപിക്കുക.

c) അവൻ ഒരു പാപ്പരായി പ്രഖ്യാപിക്കുക.

d) അവൻ ഒരു ഇന്ത്യൻ പൗരനല്ലാതിരിക്കുക, അല്ലെങ്കിൽ സ്വമേധയാ വിദേശ സംസ്ഥാനത്തിന്റെ പൗരത്വം സ്വീകരിക്കുക.

e) പാർലമെന്റ് നിയമങ്ങൾ വഴി അവൻ അങ്ങനെ അയോഗ്യനാകുക.

## 192. അംഗങ്ങളുടെ അയോഗ്യതകളെ കുറിച്ചുള്ള ചോദ്യങ്ങളുടെ തീരുമാനം:—

**ചോ: ഒരു അംഗത്തിന്റെ അയോഗ്യതയെ കുറിക്കുന്ന കാര്യത്തിന് അന്തിമ തീരുമാനം എടുക്കുവാനുള്ള അധികാരം ആർക്കാണ്?**

ഉ: ഗവർണർക്കാണ് ഈ അധികാരമുള്ളത്.

**ചോ: ഈ അന്തിമ തീരുമാനം എടുക്കുന്നതിന് മുമ്പ് ഗവർണർ തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെടാൻ കടപ്പെട്ടിരിക്കുന്നുണ്ടോ?**

ഉ: ഉവ്വ്

*193. 188-ാം വകുപ്പ് പ്രകാരം പ്രതിജ്ഞ എടുക്കുന്നതിന് മുമ്പ് യോഗത്തിൽ ഇരിക്കുന്നതിനും, വോട്ട് ചെയ്യുന്നതിനുമുള്ള ശിക്ഷ:-*

ചോ: എന്ത് കുറ്റത്തിലാണ് ഒരു വ്യക്തി ശിക്ഷിക്കപ്പെടുന്നത്?

ഉ: ഒരു വ്യക്തി ശിക്ഷിക്കപ്പെടുന്നു:-

a) ഒരുവൻ പ്രതിജ്ഞ എടുക്കുന്നതിന് മുമ്പ് നിയമനിർമ്മാണ സഭയിലെയോ, സമിതിയിലെയോ അംഗമായി വോട്ടു ചെയ്താലും,

b) ഒരുവൻ താൻ അയോഗ്യനാണെന്ന് മനസ്സിലാക്കിയാലും പാർലമെന്റ് നിയമങ്ങൾ വഴി തന്റെ അംഗത്വം നഷ്ടമാക്കിയാലും.

ചോ: മുകളിൽ പറഞ്ഞ കുറ്റത്തിന്റെ ശിക്ഷ എന്താണ്?

ഉ: ഓരോ ദിവസവുമുള്ള ഈ രീതിയിലുള്ള കുറ്റത്തിന് 500രൂപയാണ് ശിക്ഷ.

## സംസ്ഥാന നിയമസഭയുടെയും, അംഗങ്ങളുടെയും, അധികാരങ്ങളും, സ്വാതന്ത്ര്യങ്ങളും വിശേഷാധികാരങ്ങളും

*194. സംസ്ഥാനനിയമസഭകളുടെയും അതിലെ കമ്മിററികളിലെ അംഗങ്ങളുടെയും അധികാരങ്ങളും, സ്വാതന്ത്ര്യങ്ങളും, വിശേഷാധികാരങ്ങളും*

ചോ: എല്ലാ സംസ്ഥാനങ്ങളിലെയും നിയമ സഭയ്ക്ക് അഭിപ്രായ സ്വാതന്ത്ര്യമുണ്ടോ?

ഉ: ഉണ്ട്.

ചോ: നിയമസഭയിലെ അഭിപ്രായ സ്വാതന്ത്ര്യം എന്ത് നിയമത്താൽ നിയന്ത്രിതമാണ്?

ഉ: നിയമ നിർമ്മാണ സഭയിലെ നിയമങ്ങളും, നിലവിലുള്ള കല്പനകളും വഴി ഈ സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുന്നു.

ചോ: ഒരു സഭയിലെ അധികാരി വഴിയുള്ള നടപടികളുടെയും വോട്ടിന്റെയും പേപ്പറിന്റെയും, റിപ്പോർട്ടിന്റെയും പ്രസിദ്ധീകരണത്തെപ്പറ്റി ഒരു അംഗം ഉത്തരവാദിയാണോ?

ഉ: അല്ല.

ചോ: 194-ാം വകുപ്പ് പ്രകാരം ആരാണ് ഈ അധികാരങ്ങൾ വിവരിക്കാൻ കടപ്പെട്ടിരിക്കുന്നത്?

ഉ: സമയാസമയങ്ങളിൽ നിയമസഭ ഈ അധികാരങ്ങൾ വിവരിക്കാൻ കടപ്പെട്ടിരിക്കുന്നു

ചോ: അംഗങ്ങളെ കൂടാതെ ആർക്കൊക്കെയാണ് നിയമസഭയിൽ അഭിപ്രായ സ്വാതന്ത്ര്യമുള്ളത്?

ഉ: നിയമ സഭയിലെ നടപടി ക്രമീകരണത്തിൽ പങ്കെടുക്കാൻ സാധിക്കുന്ന ഏതൊരാൾക്കും അഭിപ്രായസ്വാതന്ത്ര്യമുണ്ട്.

## 195. അംഗങ്ങൾക്കുള്ള ശമ്പളവും അലവൻസുകളും:-

ചോ: ആരാണ് ഇവർക്കുള്ള ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നത്?

ഉ: സമയാസമയങ്ങളിലുള്ള ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നത് സംസ്ഥാന നിയമ നിർമ്മാണ സ

യാണ്.

## നിയമ നിർമ്മാണ നടപടി (കാര്യനിർവ്വഹണം)

*196. ബില്ലുകൾ കൊണ്ടു വരുന്നതിനും പാസ്സാക്കുന്നതിനുമുള്ള ക്രമീകരണം:–*

ചോ: എവിടെയാണ് ഒരു 'ബിൽ' ആവിർഭവിക്കുന്നത്?

ഉ: ധനകാര്യ ബില്ലുകളൊഴികെ എല്ലാ ബില്ലുകളും ഇരു സഭകളിലും കൊണ്ടു വരാവുന്നതാണ്.

ചോ: എപ്പോഴാണ് ഒരു 'ബിൽ' പാസ്സാക്കപ്പെടുന്നത്?

ഉ: ഭേദഗതികൾ കൂടിയോ, അല്ലാതെയോ, ഇരു സഭകളും ഇത് സമ്മതിക്കുകയാണെങ്കിൽ ബില്ല് പാസ്സാക്കപ്പെടുന്നു.

ചോ: നിയമ നിർമ്മാണ സഭയിൽ നിലവിലുള്ള അല്ലെങ്കിൽ സഭയിൽ പാസ്സാക്കപ്പെട്ട് സമിതിയിൽ നിലവിലുള്ള ഒരു ബില്ല് സഭയുടെ പിരിച്ചുവിടൽ അബദ്ധമാകുന്നുണ്ടോ?

ഉ: ഉണ്ട്.

*197. ധനകാര്യ ബില്ലുകൾ ഒഴികെയുള്ള ബില്ലുകളെ കുറിച്ച് നിയമ നിർമ്മാണ സമിതിയുടെ അധികാര തടസ്സങ്ങൾ:–*

ചോ: എന്തെല്ലാം നടപടികളാണ് പിൻ തുടരേണ്ടത്?

a) നിയമ നിർമ്മാണ സഭ പാസ്സാക്കിയതും എന്നാൽ നിയമ നിർമ്മാണ സമിതി നിരസിച്ചതുമായ ഒരു ബില്ല് ഉണ്ടെങ്കിൽ.

b) നിയമ നിർമ്മാണ സഭ സമ്മതിക്കാത്ത ഭേദഗതികളോടു കൂടി നിയമനിർമ്മാണ സമിതി പാസാക്കപ്പെട്ട ബില്ല് ആണെങ്കിൽ.

ഉ: മുകളിൽ പറഞ്ഞ കാലയളവിൽ ഒരു ബിൽ സഭയിൽ നിന്നും സമിതിയിലേക്ക് രണ്ടു തവണയേ പോകുന്നുള്ളൂ. സഭയിൽ നിന്നും ഒരു ബില്ല് സമിതിയിൽ പോകുമ്പോൾ സമിതിക്ക് നാലു പോംവഴികളുള്ള പ്രവർത്തന പഥങ്ങളുണ്ടായിരിക്കും.

a) ബില്ലിനെ തള്ളിക്കളയുക.

b) ബില്ലിനെ ഭേദഗതി ചെയ്യുക.

c) ബില്ലിനെ സംബന്ധിച്ച് യാതൊരു നടപടിയും എടുക്കാതിരിക്കുക.

d) സഭയിൽ നിന്നയച്ച രീതിയിൽ ബില്ല് പാസാക്കുക. സമിതി ചെയ്തിട്ടുള്ള ഭേദഗതികളെ സ്വീകരിക്കുകയോ ചെയ്തുകൊണ്ട് സഭ അതിനെ പാസ്സാക്കുന്നു. വീണ്ടും രണ്ടാമത്തെ തവണ സമിതിയിലേക്ക് അയയ്ക്കപ്പെടുന്നു.

ചോ: ഈ നടപടി ക്രമം ധനകാര്യ ബില്ലുകൾക്ക് ബാധകമാണോ?

ഉ: അല്ല.

### *198. ധനകാര്യ ബില്ലിനെ കുറിച്ചുള്ള പ്രത്യേക നടപടികൾ.*

ചോ: നിയമ നിർമ്മാണ സമിതിയിൽ ഒരു ധനകാര്യ ബില്ല് ആവിഷ്കരിക്കാൻ സാധിക്കുമോ?

ഉ: ഇല്ല.

ചോ: ഒരു ധനകാര്യ ബില്ല് പാസ്സാക്കുന്നതിൽ പിൻതുടരേണ്ട നടപടികൾ എന്തെല്ലാം?

ഉ: നിയമനിർമ്മാണ സഭയിൽ ഒരു ധനകാര്യബില്ല് പാസ്സാ

അയച്ചതിനുശേഷം ഇത് നിയമനിർമ്മാണസമിതിയുടെ പിൻതുണയ്ക്കു വേണ്ടി കൈമാററം ചെയ്യുന്നു. ഇതിന് 14 ദിവസത്തിനുള്ളിൽ നിയമനിർമ്മാണ സമിതി അതിൻെറ പിൻതുണയോടുകൂടി സഭയ്ക്ക് മടക്കി അയക്കുന്നു. സമിതിയുടെ പിൻതുണ സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം സഭയ്ക്കുണ്ട്.

സമിതിയുടെ പിൻതുണയില്ലെങ്കിലും ഒന്ന് സഭ ശരിവയ്ക്കുകയാണെങ്കിൽ ഇരു സഭകളാലും ഈ ബില്ല് ഭേദഗതികളോടുകൂടി പാസ്സാക്കപ്പെടുന്നു.

മറിച്ച് സമിതിയുടെ പിൻതുണ സഭ ശരിവയ്ക്കുന്നില്ലെങ്കിൽ ഭേദഗതികളോടുകൂടിയല്ലാതെ ഈ ധനകാര്യബില്ല് പാസ്സാക്കപ്പെടുന്നു.

ഒരു ധനകാര്യബില്ല് സഭയിൽ നിന്നും അയച്ച് 14 ദിവസത്തിനുള്ളിൽ അയക്കപ്പെടുന്നില്ലെങ്കിൽ ആ ബില്ലിനെ അതിൻെറ കാലാവധിയുടെ കാലയളവ് വരെ മാത്രം പാസ്സാക്കാവുന്നതാണ്.

## 199. ധനകാര്യ ബില്ലിൻെറ നിർവ്വചനം:-

**ചോ: എന്താണ് ഒരു ധനകാര്യ ബില്ല്?**

ഉ: താഴെ പറയുന്നതായ ഏതെങ്കിലും നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിൽ ആ ബില്ലിനെ ധനകാര്യ ബില്ലായി പരിഗണിക്കാവുന്നതാണ്.

a) ഏതെങ്കിലും ഒരു നികുതിയെ കുറിച്ചുള്ള നടപ്പാക്കൽ നിർത്തലാക്കൽ, ഇളവ്, മാററം അല്ലെങ്കിൽ പ്രതിപാദനം.

b) പണം വാങ്ങുന്നതിനെ കുറിച്ചുള്ള പ്രതിപാദനം അല്ലെങ്കിൽ രാഷ്ട്രം വഴി ഏതെങ്കിലും ഉറപ്പ് നൽകുക അല്ലെങ്കിൽ രാഷ്ട്രം ഏറ്റെടുക്കുന്നതോ, ധനകാര്യകടമകളെ സംബന്ധിച്ച ഭേദഗതികളോ പ്രാവർത്തികമാക്കുക.

c) കൺസോളിഡേററഡ് ഫണ്ടിൽ നിന്നുമുള്ള പണം തിരിച്ചെടുക്കൽ അഥവാ ഫണ്ടിലേക്ക് പണം ശേഖരി

കൽ,

d) രാഷ്ട്രത്തിലെ ഈ ഫണ്ടിൽ നിന്നുമുള്ള ധനവിനിയോഗം.

e) കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നോ, പൊതു അക്കൗണ്ടിൽ നിന്നോ, കസ്റ്റഡിയിൽ നിന്നോ ഉള്ള ഒരു അക്കൗണ്ടിനെ സംബന്ധിക്കുന്ന രശീതി.

f) മുകളിൽ പറഞ്ഞതായ ഏതെങ്കിലും ഒരു കാര്യത്തെ കുറിക്കുന്ന കാര്യങ്ങൾ:—

**ചോ: ഒരു ബില്ല് ധനകാര്യബില്ല് ആയി പരിഗണിക്കാത്തത് എപ്പോഴാണ്?**

ഉ: മററ് പിഴശിക്ഷ നടപ്പിലാക്കുന്നതിനെ കുറിച്ചോ ധനകാര്യ ശിക്ഷകളെ കുറിച്ചോ, ലൈസൻസിനുള്ള ഫീസോ, അല്ലെങ്കിൽ അതിന്റെ ആവശ്യകതയെ കുറിച്ചോ, തദ്ദേശ ലക്ഷ്യത്തിനുവേണ്ടിയോ, തദ്ദേശ അതോറിററിക്കു വേണ്ടിയോ ഉള്ള നികുതിയുടെ ചുമത്തൽ നിർത്തലാക്കൽ, ധ്വാരം. എന്നി കാര്യങ്ങളിലുള്ള ഒരു ബില്ല് ധനകാര്യ ബില്ല് ആയി പരിഗണിക്കാവുന്നതല്ല.

**ചോ: നിയമനിർമ്മാണ സഭയിൽ പാസ്സാക്കപ്പെട്ട ഒരു ബില്ല് ധനകാര്യ ബില്ല് ആണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനുള്ള അന്തിമ തീരുമാനം ആർക്കാണ്?**

ഉ: നിയമനിർമ്മാണ സഭയുടെ സ്പീക്കറാണ് ഈ അന്തിമ തീരുമാനമെടുക്കുന്നത്.

**ചോ: ഒരു ധനകാര്യ ബില്ല് നിയമനിർമ്മാണ സഭയിലേക്ക് അയക്കുമ്പോഴും ഗവർണറുടെ സമ്മതത്തിനായി സമർപ്പിക്കുമ്പോഴും സ്പീക്കർ എന്താണ് ചെയ്യേണ്ടത്?**

ഉ: സ്പീക്കർ ഒപ്പിട്ട ഒരു സാക്ഷിപത്രം എല്ലാ ബില്ലിലും കൂട്ടിച്ചേർത്തിരിക്കണം.

## 200. ബില്ലിനുള്ള അനുവാദം.

**ചോ: സംസ്ഥാന നിയമ സഭ ഒരു ബില്ല് പാസ്സാക്കപ്പെടുമ്പോൾ എന്താണ് ചെയ്യേണ്ടത്?**

ഉ: സംസ്ഥാന നിയമസഭ ഒരു ബില്ല് പാസ്സാക്കപ്പെടുമ്പോൾ ഇത് ഗവർണറുടെ അനുവാദത്തിനുവേണ്ടി അദ്ദേഹത്തിന്റെ മുമ്പാകെ സമർപ്പിക്കണം.

**ചോ: തന്റെ അനുവാദത്തിനുവേണ്ടി ഒരു ബില്ല് ഗവർണറുടെ മുമ്പാകെ സമർപ്പിക്കപ്പെടുമ്പോൾ അദ്ദേഹം എന്താണ് ചെയ്യേണ്ടത്?**

ഉ: ബില്ലിന് തന്റെ അനുവാദം കൊടുത്തിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയോ, അനുവാദം തടഞ്ഞുവെയ്ക്കുവാനും, രാഷ്ട്രപതിയുടെ പരിഗണനയ്ക്കുവേണ്ടി ഈ ബില്ല് സൂക്ഷിക്കപ്പെടുകയോ ചെയ്യുന്നു.

## 201. പരിഗണനയ്ക്കുവേണ്ടി സൂക്ഷിക്കപ്പെട്ട ബില്ലുകൾ.

**ചോ: രാഷ്ട്രപതിയുടെ പരിഗണനയ്ക്കുവേണ്ടി ഈ ബില്ല് സൂക്ഷിക്കപ്പെടുമ്പോൾ ഗവർണർ ചെയ്യേണ്ടത് എന്താണ്?**

ഉ: ഒരു രാഷ്ട്രപതിക്ക് ബില്ല് അനുവദിക്കുന്നതായോ, തടഞ്ഞു വെയ്ക്കുന്നതായോ പ്രഖ്യാപിക്കാവുന്നതാണ്.

**ചോ: സഭകളുടെ പുനഃ പരിശോധനയ്ക്കുവേണ്ടി രാഷ്ട്രപതിക്ക് ഗവർണറെ നിർദ്ദേശിക്കുവാൻ സാധിക്കുമോ?**

ഉ: ഒരു ബില്ല് ധനകാര്യ ബില്ല് അല്ലെങ്കിൽ സഭകളുടെ പുനഃപരിശോധനക്ക് വേണ്ടി രാഷ്ട്രപതിക്ക് ഗവർണറെ നിർദ്ദേശിക്കുവാൻ സാധിക്കുന്നതാണ്, ഇങ്ങനെ സമർപ്പിക്കുന്ന ബില്ലിലെ നിർദ്ദേശങ്ങൾ 6 മാസത്തിനകം പുനഃപരിശോധന നടത്തുകയും ഭേദഗതികൾ കൂടിയും കൂടാതെയും ഈ ബില്ല് പാസാക്കാവുന്നതാണ്. അ

തിന് ശേഷം ഈ ബില്ല് വീണ്ടും രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## ധനകാര്യ നടപടികൾ

### 202. വാർഷിക ധനകാര്യ വ്യവസ്ഥകൾ

**ചോ: സർക്കാരിന്റെ, വാർഷിക ധനകാര്യവ്യവസ്ഥകൾ എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?**

ഉ: ഒരു പ്രത്യേക വർഷത്തിലുള്ള ഗവൺമെന്റിലെ മൊത്ത വരുമാനങ്ങളെയും ചെലവുകളെയും മററു ധനകാര്യ രീതികളെയും കുറിച്ച് പ്രതിപാദിക്കുന്നവ്യവസ്ഥകളാണിത്. ഈ വ്യവസ്ഥകൾ സംസ്ഥാന നിയമനിർമ്മാണ സഭയിലെ ഇരുസഭകളുടെയും മുമ്പാകെ അർപ്പിക്കപ്പെടുന്നു.

**ചോ: വാർഷിക ധനകാര്യ വ്യവസ്ഥകളിലെ മൊത്തച്ചെലവിനെ കാണിക്കുന്നതെങ്ങിനെയാണ്?**

a) സഞ്ചിത ധനകാര്യ ഫണ്ട് അനുസരിച്ച് വരുമാനച്ചെലവിനാവശ്യമായ ചെലവുകളും.

b) ഈ ഫണ്ടിൽനിന്നും ചെലവുകൾ നടത്താൻ ഉദ്ദേശിക്കുന്നതായ തുകകളും, റവന്യൂ അക്കൗണ്ടുകളിൽ നിന്നും മററു ചെലവിൽ നിന്നും വേർതിരിക്കുന്നവയും.

**ചോ: സഞ്ചിത ധനകാര്യ ഫണ്ട് കൊണ്ട് നിയമിക്കപ്പെട്ട ചിലവുകൾ ഏതെല്ലാം?**

ഉ: അവ:—

a) ഗവർണറുടെ ഔദ്യോഗിക പദവിയിലുള്ള അലവൻസുകളും ചിലവുകളും

b) നിയമനിർമ്മാണ സഭയിലെ സ്പീക്കറിന്റെയും ഡെപ്യൂട്ടി സ്പീക്കറിന്റെയും ശമ്പളവും അലവൻസുകളും

c) നിയമനിർമ്മാണ സമിതിയിലെ ചെയർമാന്റെയും ഡെ

ഡെപ്യൂട്ടിചെയർമാന്റെയും ശമ്പളവും അലവൻസുകളും

d) ലോണുകളുടെ വർദ്ധനവിനെയും കടങ്ങളുടെ ത വിനെയും കുറിച്ചുള്ള ചിലവുകളും.

e) ഹൈക്കോടതിയിലെ ജഡ്ജിമാരുടെ ശമ്പളത്തെയും അലവൻസുകളെയും കുറിച്ചുള്ള ചിലവുകൾ.

f) ഒരു കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ, അന്യ വിധിയുടെയോ, അവാർഡിന്റെയോ, സംതൃപ്തിക്കു വേണ്ടിയുള്ള തുക.

g) അങ്ങനെ നിയമിക്കപ്പെട്ട സംസ്ഥാന നിയമനിർമ്മാണ സഭയുടെയോ പ്രഖ്യാപിക്കപ്പെട്ട ഭരണഘടനയുടെയോ മറ്റു ചെലവുകൾ

## 203. നിരൂപണത്തെ സംബന്ധിച്ച് നിയമ നിർമ്മാണ സഭയുടെ നടപടിക്രമം.

**ചോ: നിയമ നിർമ്മാണ സഭയുടെ വോട്ടിലേക്ക് ബോധിപ്പിക്കപ്പെടാൻ ആവശ്യമില്ലാത്തതായ നിയന്ത്രണങ്ങൾ എന്താണ്?**

ഉ: സംസ്ഥാനത്തിലെ സഞ്ചിത ധനകാര്യ ഫണ്ടിലുള്ള നിയമിതമായ ചിലവിനെ സംബന്ധിച്ചുള്ള നിരൂപണങ്ങൾ നിയമ നിർമ്മാണ സഭയുടെ വോട്ടിലേക്ക് ബോധിക്കപ്പെടാൻ ആവശ്യമില്ലാത്തതാണ്.

**ചോ: ഇതിലെ ഏതെങ്കിലും ഒരു നിരൂപണത്തെ കുറിച്ച് നിയമസഭയിൽ ഒരു തിരുമാനം ഉണ്ടോ?**

ഉ: ഉണ്ട്.

**ചോ: നിയമനിർമ്മാണ സഭയിലേക്ക് സമർപ്പിക്കപ്പെട്ട മറ്റുതരത്തിലുള്ള ചെലവുകളെക്കുറിച്ചുള്ള നിരൂപണങ്ങളുടെരീതി എന്താണ്?**

ഉ: നിയമ നിർമ്മാണ സഭയിലേക്കുള്ള അനുമതിക്കുവേണ്ടി രീതിയിലുള്ള ആവശ്യകതകൾ.

**ചോ: ആ ആവശ്യകതയെ കുറിച്ചുള്ള സഭയുടെ**

**അധികാരങ്ങൾ എന്താണ്?**

ഉ: സഭയ്ക്ക് ഏതെങ്കിലും ആവശ്യകത നിരസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിന് അധികാരമുണ്ട്.

ചോ: **അനുമതിക്കു വേണ്ടി ആവശ്യകത ഉണ്ടാകുമ്പോൾ ആരുടെപൂനർ പിന്തുണയാണ്?**

ഉ: ഗവർണറുടെ പിന്തുണയാണ് അവരുടെ അനുമതിക്ക് ആവശ്യമുള്ളത്.

## 204. ബില്ലുകളുടെ വിനിയോഗം.

ചോ: **എപ്പോഴാണ് ബില്ലുകളുടെ വിനിയോഗം ആവിഷ്കരിക്കുന്നത്?**

ഉ: 203ാം വകുപ്പ് പ്രകാരം സഭയിൽ ആവിഷ്കരിക്കപ്പെട്ട അനുമതിക്ക് ശേഷമാണ് ബില്ലുകളുടെ വിനിയോഗം ആവിഷ്കരിക്കുന്നത്.

ചോ: **ധനവിനിയോഗ ബില്ലുകൾ ആവിഷ്കരിക്കുന്നതിനു വേണ്ടതായ ലക്ഷ്യങ്ങൾ?**

ഉ: സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്ന് ധന വിനിയോഗ ബില്ലുകൾ ആവിഷ്കരിക്കുന്നതിന് വേണ്ടതായ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

a) സഭ വഴിയുള്ള അനുമതിയും

b) സഞ്ചിത ധനകാര്യ ഫണ്ടിലേക്ക് ചുമത്തപ്പെട്ട ചിലവുകളിൽ സഭയുടെ മുമ്പാകെ കാണിച്ചിരിക്കുന്ന ആദ്യത്തെ പ്രസ്താവന ഇതിലും വർധിക്കുന്നില്ല.

ചോ: **നിയമ സഭയിലെ ഏതെങ്കിലും ഒരു ധന വിനിയോഗ ബില്ലിൽ ഭേദഗതികൾ നിശ്ചയിക്കുവാൻ സാധിക്കുമോ?**

ഉ: ഇല്ല.

ചോ: **ആർക്കാണ് ഒരു ഭേദഗതി അംഗീകരിക്കാനോ അല്ലെങ്കിൽ അല്ലാതാക്കാനോ, ഉള്ള അധികാരമുള്ളത്?**

ഉ: സമ്മേളനത്തിലെ അദ്ധ്യക്ഷത വഹിക്കുന്ന വ്യക്തിക്കാണ് ഭേദഗതി അംഗീകരിക്കാനോ, അല്ലാതാക്കാനോ അതിൽ അന്തിമ തീരുമാനമുണ്ടാക്കാനോ, ഉള്ള അധികാരമുള്ളത്.

ചോ: **204-ാം വകുപ്പ് പ്രകാരം പാസ്സാക്കപ്പെട്ട ബില്ലുകളുടെ വിനിയോഗത്തിനു വേണ്ടിയല്ലാതെ മറ്റെന്തെങ്കിലും ആവശ്യത്തിനു വേണ്ടി പണം സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നു പിൻവലിക്കാമോ?**

ഉ: ഇല്ല.

## *205. കൂട്ടിച്ചേർത്തതും പകരവും അധികവുമായ അനുമതികൾ.*

ചോ: **സംസ്ഥാന നിയമനിർമ്മാണ സഭയിലേക്ക് കൂട്ടിച്ചേർത്തതും, പകരവും, അധികവുമായ അനുമതികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി ഗവൺമെന്റിന് ആവശ്യപ്പെടാൻ സാധിക്കുമോ?**

ഉ: ഉണ്ട്.

ചോ: **മേൽപറഞ്ഞ ആവശ്യകതക്ക് ആരുടെ അംഗീകാരമാണ് ആവശ്യമായി വരുന്നത്?**

ഉ: ഗവർണറുടെ അംഗീകാരമാണ് ആവശ്യമായിട്ടുള്ളത്.

ചോ: **എപ്പോഴാണ് ഗവർണർ ഈ അനുമതികൾ അംഗീകരിക്കുന്നത്?**

ഉ: പ്രത്യേക സേവനത്തിനായി അധികാരപ്പെടുത്തിയ

ബില്ല് തീർപ്പാവാത്തതായി പരിഗണിക്കപ്പെട്ടാൽ അല്ലെങ്കിൽ അടിയന്തിര ആവശ്യം ഉണ്ടായിട്ടുള്ള ആ വർഷത്തേക്കുള്ള സേവനത്തിനായി ഗവർണർക്ക് ഈ അനുമതികൾ അംഗീകരിക്കപ്പെടാവുന്നതാണ്.

## 206. അക്കൗണ്ടിലുള്ള വോട്ടുകളും വോട്ടുകളുടെ നിക്ഷേപവും അസാധാരണമായ അനുമതികളും.

**ചോ: സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയുടെ സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനും അനുമതികൾ നിർമ്മിക്കുന്നതിനുമുള്ള അധികാരങ്ങൾ എന്തെല്ലാം?**

ഉ: നിയമ നിർമ്മാണ സഭയ്ക്ക് അധികാരങ്ങൾ ഉണ്ട് ധനകാര്യ വർഷത്തിൽ 203-ാം വകുപ്പ് പ്രകാരം വിവരിച്ചിരിക്കുന്നതായ നിലവിലുള്ള നടപടി ക്രമങ്ങളുടെ പൂർത്തീകരണത്തിന്റെ ഒരു ഭാഗത്തിനു വേണ്ടിയുള്ള നിരൂപണ ചിലവിനെ കുറിച്ച് മുൻകൂട്ടി ഒരു അനുമതി ഉണ്ടാക്കുന്നു.

b) ഏതെങ്കിലും ഒരു ധനകാര്യ വർഷത്തിന്റെ പെട്ടെന്നുള്ള (അനന്തമുള്ള) സേവനത്തിന്റെ ഭാഗമല്ലാത്ത രൂപീകരിക്കുന്ന അസാധാരണ നടപടികൾ ഉണ്ടാക്കുക.

c) ഈ അനുമതികൾ നടപ്പിലാക്കുന്നതിനു വേണ്ടതായ പണം സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിനുള്ള അധികാരവും സംസ്ഥാന നിയമസഭയ്ക്കുണ്ട്.

## 207. ധനകാര്യ ബില്ലുകളെ കുറിച്ചുള്ള പ്രത്യേക നടപടികൾ

**ചോ: ഒരു ബില്ലിന്റെയോ, ഭേദഗതിയുടെയോ നടപടികളുടെ രൂപീകരണത്തിനായി 199-ാം വകുപ്പിൽ അവതരിപ്പിച്ചതായ (a) മുതൽ (f)വരെയുള്ള നടപടികൾ ഇവിടെ പ്രാവർത്തികമാകുന്നുണ്ടോ?**

ഉ: ഗവർണറുടെ പിൻതുണയോടുകൂടിയല്ലാതെ 199-ാംവകുപ്പിൽ അവതരിപ്പിച്ചതായ (എ)മുതൽ(എഫ്)വരെയുള്ള നടപടികൾ പ്രാവർത്തികമാകുന്നില്ല.

ചോ: അങ്ങനെ ആവിഷ്കരിച്ചതായ ഒരു ബില്ലിന്റെ നടപടികൾ നിയമ നിർമ്മാണ സമിതിയിൽ അവതരിപ്പിക്കാമോ?

ഉ: ഇല്ല.

ചോ: ഏതെങ്കിലും ഒരു നികുതിയുടെ കഴിവിനോ നാശത്തിനോ വേണ്ടിയുള്ള നടപടികളോടു കൂടിയുള്ള ഭേദഗതികൾ പ്രാബല്യത്തിൽ വരുത്തുന്നതിന് പിന്തുണ അത്യാവശ്യമാണോ?

ഉ: അല്ല.

ചോ: ശിക്ഷ നടപ്പിലാക്കുക, മററുധനകാര്യ ശിക്ഷകൾ, ലൈസൻസിനു വേണ്ടിയുള്ള പിഴ അടയ്ക്കലോ, ആവശ്യകതയോ, അല്ലെങ്കിൽസേവനമനുഷ്ഠിച്ചതിന്റെ പിഴ, എന്നീ കാരണങ്ങളാൽ മാത്രം. ഏതെങ്കിലും ഒരു ലോക്കൽ അതോററിററിയുടെ നികുതി നടപ്പിലാക്കുക. പ്രതിപാദിനശിപ്പിക്കുക, തടയുക, മാററുക. പ്രതിപാദിക്കുക എന്നീ കാരണത്താലും ഒരു ബില്ല് ധനകാര്യ ബില്ല് ആകുന്നുണ്ടോ? അഥവാ ഭേദഗതി

ഉ: ഇല്ല.

ചോ: സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നുമുള്ള ചിലവ് ഉൾക്കൊണ്ട് പ്രാബല്യത്തിൽ വരുത്തി പ്രവർത്തനമാരംഭിക്കുന്ന ഒരുബില്ല് നിയമ സഭയിലെ സഭകൾക്ക് പാസ്സാക്കാമോ?

ഉ: ആ ബില്ലിന്റെ പരിഗണനയ്ക്ക് വേണ്ടി ഗവർണർ

പിൻതുണ കൊടുത്തിട്ടില്ലെങ്കിൽ ആ ബില്ല് നിയമ സഭയിലെ സഭകൾക്ക് പാസ്സാക്കാവുന്നതല്ല.

## പൊതുവായ നടപടി

### 208. നടപടിക്രമ നിയമങ്ങൾ –

**ചോ: നിയമ നിർമ്മാണ സഭയുടെ കാര്യനിർവ്വഹണ രീതിയേയും നടപടികളേയും കുറിക്കുന്ന നിയമങ്ങൾ രൂപീകരിക്കുവാനുള്ള അധികാരം ആർക്കാണ്?**

ഉ: സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയ്ക്കാണ് കാര്യ നിർവ്വഹണ രീതിയേയും നടപടികളേയും കുറിക്കുന്ന നിയമങ്ങൾ രൂപീകരിക്കുവാനുള്ള അധികാരമുള്ളത്

**ചോ: സംസ്ഥാനത്തിലെ നിയമ നിർമ്മാണസഭയും നിയമനിർമ്മാണസമിതിയും തമ്മിലുള്ളബന്ധത്തെ കുറിച്ച് നടപടികൾ നിർമ്മിക്കുന്നതിനുള്ള അധികാരം ആർക്കാണ് ഉള്ളത്?**

ഉ: സമിതിയുടെ ചെയർമാനുമായും സഭയുടെ സ്പീക്കറുമായും ചർച്ച ചെയ്തതിനുശേഷം ഗവർണർക്ക് നിയമങ്ങൾ രൂപീകരിക്കുവാനുള്ള അധികാരമുണ്ട്.

### 209. സംസ്ഥാന സഭയിൽ ധനകാര്യ വ്യാപാരത്തിനെ കുറിച്ച് നിയമ നടപടി ക്രമം:–

**ചോ: ധനകാര്യ വ്യാപാരത്തിന്റെ കാലാകാലങ്ങളിലുള്ള പൂർത്തീകരണ ലക്ഷ്യത്തിനു വേണ്ടി നിയമ നിർമ്മാണ സഭയിലെ കാര്യനിർവ്വഹണ രീതിയും നടപടി നിയമങ്ങളും സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയ്ക്ക് പ്രതിപാദിക്കാൻ കഴിയുമോ?**

ഉ: ഉവ്വ്. സംസ്ഥാനത്തിലെ സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നും ധനവിനിയോഗം പാസ്സാക്കുന്നതിനും ധനകാര്യ

വ്യാപാരത്തിന്റെ കാലാകാലങ്ങളിലുള്ള പൂർത്തീകരണ ലക്ഷ്യത്തിനുവേണ്ടി നിയമനിർമ്മാണസഭയിലെ കാര്യനിർവ്വഹണ രീതിയും നടപടികളും സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയ്ക്ക് പ്രതിപാദിക്കാൻ കഴിയും.

## 210. നിയമ സഭയിൽ ഉപയോഗിക്കേണ്ട ഭാഷ

ചോ: **സംസ്ഥാനത്തിലെ നിയമ സഭയിൽ വ്യാപാര ഏർപ്പാടുകൾക്കായി ഉപയോഗിക്കുന്ന ഭാഷ ഏതാണ്?**

ഉ: നിയമ സഭയിലെ വ്യാപാരങ്ങൾ നടത്തുന്നത് ഔദ്യോഗിക ഭാഷയിലോ, സംസ്ഥാന ഭാഷയിലോ ഹിന്ദിയിലോ, ഇംഗ്ലീഷിലോ ആണ്.

ചോ; **സഭയിലെ സ്പീക്കർക്കോ സമിതിയിലെ ചെയർമാനോ ഏതെങ്കിലും ഒരു അംഗത്തിനെ തന്റെ മാതൃഭാഷയിൽ സഭയ്ക്ക് സന്ദേശങ്ങൾ അയക്കുവാൻ, അനുവദിക്കാമോ?**

ഉ: ഉണ്ട്, മുകളിൽ പ്രസ്താവിച്ചതായ യാതൊരു ഭാഷയിലും ഒരുവന് വിവർത്തനം ചെയ്യുവാൻ സാധ്യമാകുന്നില്ലെങ്കിൽ തന്റേതായ മാതൃഭാഷയിൽ അദ്ദേഹത്തിന് സഭയിലേക്ക് സന്ദേശങ്ങൾ കൈമാറാവുന്നതാണ്.

## 211 നിയമസഭയിൽ ചർച്ചയ്ക്കുള്ള തടസ്സങ്ങൾ.

ചോ: **ഏതുതരത്തിലുള്ള ചർച്ചകളാണ് നിയമ സഭയിൽ തടസ്സപ്പെട്ടിരിക്കുന്നത്?**

ഉ: സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയിൽ ഒരു സുപ്രീം കോടതി ജഡ്ജിയുടെയോ, ഹൈക്കോടതി ജഡ്ജിയുടെയോ പ്രവർത്തന രീതികളെക്കുറിച്ച് ഉണ്ടാകുന്ന ഏതു ചർച്ചയും തടസ്സപ്പെട്ടിരിക്കുന്നു.

## 212 നിയമ സഭയിലെ നടപടികളിൽ കോടതിക്ക് അന്വേഷിക്കാവുന്നതല്ല.

ചോ; **സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയി**

ലുള്ള ഏതെങ്കിലും നടപടികളുടെ നിയമ സാധുത ഏതെങ്കിലും കോടതിയിൽ വെല്ലുവിളിക്കാമോ?

ഉ: ഇല്ല.

ചോ: നിയമ സഭയിലെ അംഗങ്ങളും, ഓഫീസർമാരും ഭരണഘടനാ പ്രകാരം അവർക്ക് അധികാരപ്പെട്ടിട്ടുള്ള അധികാരങ്ങളിൽ ഏതെങ്കിലും ഒരു കോടതിയുടെ നിയമ പരിധിക്കുള്ളിൽ പരിശീലിക്കുവാൻ കടപ്പെട്ടിട്ടുണ്ടോ?

ഉ: ഇല്ല. നിയമസഭയിലെ അംഗങ്ങളും, ഓഫീസർമാരും ഭരണഘടനാപ്രകാരം അവർക്ക് അധികാരപ്പെട്ടിട്ടുള്ള അധികാരങ്ങളായ സഭയിലെ, നടപടികൾ പ്രാവർത്തികമാക്കുക. സഭയിലെകാര്യനിർവ്വഹണത്തിന്, സഭയുടെ കല്പനകൾ കാത്തുസൂക്ഷിക്കുക, ഇവയെല്ലാം ഒരു കോടതിയുടെയും, നിയമപരിധിക്കുള്ളിൽ പരിശീലിക്കുവാൻ കടപ്പെട്ടിരിക്കുന്നില്ല.

## പാഠം 4–ഗവർണറുടെ നിയമ നിർവ്വഹണ അധികാരം.

### 213 നിയമസഭയുടെ ഇടവേളയിൽ കല്പനകൾ വിളംബരം ചെയ്യുന്നതിൽ ഗവർണറുടെ അധികാരം.

ചോ: കല്പനകൾ വിളംബരം ചെയ്യുന്നതിൽ ഗവർണ്ണർക്ക് അധികാരമുണ്ടോ?

ഉ: ഉവ്വ്.

ചോ: എപ്പോഴാണ് അദ്ദേഹത്തിന് കല്പനകൾ വിളംബരം ചെയ്യാൻ സാധിക്കുക?

ഉ: ഒരു നിയമ നിർമ്മാണ സഭയോ ഇരു സഭകളുമോ യോഗം സമ്മേളിക്കാതിരിക്കുമ്പോൾ ഗവർണർക്ക് തന്റെ

പെട്ടെന്നുള്ള സഹായങ്ങളോ പ്രവർത്തനമോ വളരെ അത്യാവശ്യമാണെന്ന് തോന്നുകയാണെങ്കിൽ ഇത് അത്യാവശ്യമായി വരുന്ന ഏതു സമയത്തും അദ്ദേഹത്തിന് കല്പനകൾ വിളംബരം ചെയ്യാവുന്നതാണ്.

**ചോ: ഏതെല്ലാം വസ്തുതകളിലാണ് രാഷ്ട്രപതിയുടെ ഉപദേശം കൂടാതെ കല്പനകൾ വിളമ്പരം ചെയ്യാൻ സാധിക്കാൻ പററാത്തത്?**

ഉ: a) ധന നടപടികളോടുകൂടിയ ബില്ല് നിയമസഭയിലേക്ക് അവതരിപ്പിക്കുന്നതിനുവേണ്ടി രാഷ്ട്രപതിയുടെ മുമ്പേയുള്ള അനുമതി ആവശ്യപ്പെടുന്നു.

b) രാഷ്ട്രപതിയുടെ പിന്തുണയ്ക്കുവേണ്ടി ധനനടപടികളോടുകൂടിയ ബില്ല് വളരെ അത്യാവശ്യമാണെന്നു തോന്നുന്ന പക്ഷം ഗവർണ്ണർ അത് സൂക്ഷിക്കണം.

c) ധന നടപടികളോടുകൂടിയ പാർലമെൻറ് നിയമം രാഷ്ട്രപതിയുടെ പരിഗണനയില്ലാത്തതിനാൽ അസാധുവായെങ്കിൽ ഇത് രാഷ്ട്രപതിയുടെ അനുമതിക്കായി സ്വീകരിക്കപ്പെടുന്നു.

**ചോ: ഒരു കല്പനയുടെ ഫലം എന്താണ്?**

ഉ: ഗവർണ്ണറാൽ അനുമതി നൽകപ്പെട്ട സംസ്ഥാന നിയമങ്ങളുടെ അതേ ബലവും, ഫലവും ഗവർണ്ണർ വിളംബരം ചെയ്യുന്ന കല്പനയ്ക്കുണ്ട്.

**ചോ: നിയമ സാധുത ഉള്ളതായ ഒരു കല്പന ഉണ്ടാക്കുന്നതിന് പിന്തുടരേണ്ടുന്ന ഔപചാരികത എന്താണ്?**

ഉ: കല്പനകൾ പുറപ്പെടുവിച്ചതിനു ശേഷം നിയമ സഭയിലെ ഇരു സഭകളുടെ മുമ്പാകെ ഇത് സമർപ്പിക്കുകയും നിയമ സഭയുടെ പുനർസമ്മേളനം മുതൽ 6 ആഴ്ച കാലാവധിവരെ ഇത് പ്രവർത്തനം നിറുത്തുകയും നിയമ നിർമ്മാണ സമിതി സമ്മതിച്ചതും സഭ പാസാക്കിയതുമായ പ്രമേയം ആ കാലാവധിക്ക് മുമ്പ് അംഗീകരിക്കാതി

രിക്കുകയും ചെയ്യുകയാണെങ്കിൽ ഇത് പ്രവർത്തനം നിറുത്തുന്നു.

ചോ: ഗവർണർക്ക് ഏതു സമയത്തും പിൻവലിക്കുവാൻ സാധിക്കുമോ?

ഉ: ഉവ്.

ചോ: എപ്പോഴാണ് ഈ കല്പനകൾ അസാധുവാകുന്നത്?

ഉ: ഈ വകുപ്പ് പ്രകാരം ഒരു കല്പനയുടെ ഏതെങ്കിലും ഒരു നടപടി, അത് ഗവർണറാൽ അനുമതി നൽകിയ നിയമ നിർമ്മാണ സഭ പ്രാബല്യത്തിൽ വരുത്തിയതാണെങ്കിൽ, അത് നിയമ സാധുത ഇല്ലാത്തതായിക്കാണപ്പെടുന്നുവെങ്കിൽ ഇത് അസാധുവാണ്.

ചോ: എപ്പോഴാണ് ഒരു കല്പന നിയമ സഭയുടെ ഒരു ആക്റ്റ് ആയി കണക്കാക്കപ്പെടുന്നത്?

ഉ: രാഷ്ട്രപതിയിൽ നിന്നുള്ള വ്യക്തമായ നിർദ്ദേശത്തോടു കൂടിയ കല്പനയെ ഈ വകുപ്പ് പ്രകാരം നിയമ സഭയുടെ ഒരു ആക്റ്റായി കണക്കാക്കുന്നു. ഇത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സൂക്ഷിക്കപ്പെടുകയും അദ്ദേഹം അതിന് അനുമതി നൽകുകയും ചെയ്യുന്നു.

# പാഠം 5. സംസ്ഥാനങ്ങളിലെ ഹൈക്കോടതികൾ

## *214.* സംസ്ഥാനത്തിലെ ഹൈക്കോടതികൾ

ചോ: എല്ലാ സംസ്ഥാനത്തിനും എത്ര ഹൈക്കോടതികൾ വീതം ഉണ്ടാകാറുണ്ട്?

ഉ: എല്ലാ സംസ്ഥാനത്തിനും വേണ്ടി ഓരോ ഹൈക്കോടതി മാത്രമേ ഉണ്ടാകൂ.

## *215.* ഹൈക്കോടതി കോർട്ട് ഓഫ് റെക്കോർഡ് ആയിരിക്കേണ്ടതാകുന്നു.

ചോ: എല്ലാ ഹൈക്കോടതിയും കോർട്ട് ഓഫ്

**റെക്കോർഡ് ആണോ?**

ഉ: എല്ലാ ഹൈക്കോടതിയും കോർട്ട് ഓഫ് റെക്കോർഡ് ആകുന്നു.

**ചോ: എന്തെല്ലാമാണ് ഇതിന്റെ അധികാരങ്ങൾ?**

ഉ: കോർട്ട് ഓഫ് റെക്കോർഡിന്റെ എല്ലാ അധികാരങ്ങളും ഇവയ്ക്കുണ്ട്. ഇവയെ തരം താഴ്ത്തുന്നതിനെ ശിക്ഷിക്കുവാനുള്ള അധികാരവും ഉൾപ്പെടുന്നു.

## 216. ഹൈക്കോടതിയുടെ ഭരണഘടന

**ചോ: ഇത് നിർമ്മിക്കുന്നത് എങ്ങനെയാണ്?**

ഉ: എല്ലാ ഹൈക്കോടതിയിലും ഒരു ചീഫ് ജസ്റ്റിസും ധാരാളം മററു ജഡ്ജിമാരും കൂടിയാണ് ഇത് നിർമ്മിക്കപ്പെടുന്നത്

## 217. ഹൈക്കോടതി ജഡ്ജിമാരുടെ ഔദ്യോഗിക പദവികളുടെ വ്യവസ്ഥകളും നിയമനവും.

**ചോ: ആർക്കാണ് ഹൈക്കോടതി ജഡ്ജിയെ നിയമിക്കുന്നതിനുള്ള അധികാരമുള്ളത്?**

ഉ: രാഷ്ട്രപതിക്ക് മാത്രമാണ് ഈ അധികാരമുള്ളത്.

**ചോ: ഹൈക്കോടതി ജഡ്ജിയെ നിയമിക്കുന്നതിന് മുമ്പ് അദ്ദേഹം ആരോടൊക്കെയാണ് ഉപദേശം തേടുന്നത്?**

ഉ: ജഡ്ജിയെ നിയമിക്കുന്നതിന് മുമ്പ് അദ്ദേഹം ഇന്ത്യയുടെ ചീഫ് ജസ്റ്റിസിനോടും സംസ്ഥാന ഗവർണ്ണറോടും ഹൈക്കോടതി ചീഫ് ജസ്റ്റിസിനോടും സംസ്ഥാന ഗവർണ്ണറോടും, ഹൈക്കോടതി ചീഫ് ജസ്റ്റിസിനോടും ഉപദേശം തേടുന്നു.

ചോ: എത്ര വയസ്സുവരെയാണ് ഹൈക്കോടതി ജഡ്ജിമാർക്ക് ഔദ്യോഗിക കാലാവധിയുള്ളത്?

ഉ: അദ്ദേഹം 62 വയസ്സ് പ്രായമാകുന്നതു വരെ ഔദ്യോഗിക പദവിയിൽ തുടരാവുന്നതാണ്.

ചോ: ഒരു ഹൈക്കോടതി ജഡ്ജിക്ക് തന്റെ പദവി രാജിവെയ്ക്കാനാവുമോ?

ഉ: രാഷ്ട്രപതിക്ക് രാജിക്കത്ത് സമർപ്പിച്ച് അദ്ദേഹത്തിന് രാജിയാകാവുന്നതാണ്.

ചോ: ഹൈക്കോടതി ജഡ്ജിയെ തന്റെ പദവിയിൽ നിന്നും പിരിച്ചുവിടാനാവുമോ?

ഉ: 124-ാം വകുപ്പു പ്രകാരം സുപ്രീം കോടതി ജഡ്ജിയെ പിരിച്ചുവിടുന്നതുപോലെ ഹൈക്കോടതി ജഡ്ജിയെയും രാഷ്ട്രപതി പിരിച്ചുവിടുന്നു.

ചോ: എങ്ങനെയാണ് ജഡ്ജിയുടെ ഔദ്യോഗിക പദവി ഒഴിവാകുന്നത്?

ഉ: അദ്ദേഹത്തിന്റെ പദവി ഒഴിവാകുന്നത് താൻ സുപ്രീം കോടതി ജഡ്ജിയായി നിയമിക്കപ്പെടുമ്പോഴോ ഇന്ത്യയിലെ മറ്റേതെങ്കിലും ഹൈക്കോടതിയിലേക്ക് മാറ്റം കിട്ടുമ്പോഴോ ആണ്.

ചോ: ഹൈക്കോടതി ജഡ്ജിക്ക് വേണ്ടതായ യോഗ്യതകൾ എന്തെല്ലാമാണ്?

ഉ: ഒരു ഹൈക്കോടതി ജഡ്ജിയാകുന്നതിന് ആ വ്യക്തി ഒരു ഇന്ത്യൻ പൗരനായിരിക്കുകയും:-

a) ജുഡീഷ്യൽ ഓഫീസറായി കുറഞ്ഞത് 10 വർഷത്തെ പരിചയവും.

b) ഇന്ത്യയിലെ ഏതെങ്കിലും ഹൈക്കോടതിയിൽ വക്കീലാ

യി 10 വർഷത്തെ പരിചയവും വേണം.

ചോ: **ഹൈക്കോടതി ജഡ്ജിയുടെ വയസ്സിനെക്കുറിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ ആർക്കാണ് ഒരു അന്തിമ തീരുമാനം എടുക്കുവാനുള്ള അധികാരം ഉള്ളത്?**

ഉ: ഇങ്ങനെയൊരു തർക്കമുണ്ടായാൽ ഇന്ത്യൻ ചീഫ് ജസ്റ്റിസുമായി ഉപദേശം തേടിയതിനു ശേഷം രാഷ്ട്രപതി ഒരു അന്തിമ തീരുമാനം നടപ്പിലാക്കണം. ഈ തീരുമാനമാണ് അന്തിമമായി കണക്കാക്കുന്നത്.

## *218. സുപ്രീം കോടതിയെക്കുറിച്ചുള്ള ചില നടപടികൾ ഹൈക്കോടതിക്ക് ബാധകമാകുന്നു.*

ചോ: **സുപ്രീം കോടതിക്ക് ബാധകമായ 124-ാം വകുപ്പിലെ ചില നടപടികൾ ഹൈക്കോടതിക്ക് ബാധകമാണോ?**

ഉ: ഉവ്വ്.

## *219. ഹൈക്കോടതി ജഡ്ജിമാരുടെ പ്രതിജ്ഞ.*

ചോ: **ഒരു ഹൈക്കോടതി ജഡ്ജി താൻ തന്റെ പദവിയിൽ പ്രവേശിക്കുന്നതിന് മുമ്പ് പ്രതിജ്ഞ എടുക്കണമോ?**

ഉ: ഹൈക്കോടതിജഡ്ജിയായി നിയമിച്ച ഏതൊരു ജഡ്ജിയും താൻ തന്റെ പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പായി ഗവർണ്ണറുടെ മുമ്പാകെയോ അദ്ദേഹം നിയോഗിക്കുന്ന ഒരു വ്യക്തിയുടെ മുമ്പാകെയോ 3-ാം പട്ടികയിൽ വിവരിച്ച രീതിയിലുള്ള പ്രതിജ്ഞ ചെയ്തിരിക്കണം.

## *220. സ്ഥിരമായ ജഡ്ജിയായതിനുശേഷം*

**കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നതിനെ സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ**

ചോ: **ഒരു ഹൈക്കോടതി ജഡ്ജി സ്ഥിരമായ ജഡ്ജി ആയിട്ടുള്ള പദവിയിൽ അദ്ദേഹത്തിന് മററതെങ്കിലും കോടതിയിൽ വാദിക്കാമോ?**

ഉ: സുപ്രീം കോടതിയിലും മററ് ഹൈക്കോടതിയിലുമൊഴികെ മററാരു കോടതിയിലും അവർക്ക് വാദിക്കാവുന്നതല്ല.

## 221. ജഡ്ജിമാരുടെ ശമ്പളം.

ചോ: **ആരാണ് ഹൈക്കോടതി ജഡ്ജിയുടെ ശമ്പളം തീരുമാനിക്കുന്നത്?**

ഉ: സമയാസമയങ്ങളിലുള്ള ശമ്പളം തീരുമാനിക്കുന്നത് പാർലമെൻറാണ്.

ചോ: **ഹൈക്കോടതി ജഡ്ജിമാരുടെ മററ് അവകാശങ്ങൾ എന്തെല്ലാം?**

ഉ: എല്ലാ ജഡ്ജിമാർക്കും ചില അലവൻസുകളും പെൻഷൻ പററിയതിനു ശേഷം പെൻഷൻ വ്യവസ്ഥയും സമയാസമയങ്ങളിൽ പാർലമെൻറ് തീരുമാനിക്കുന്നു.

ചോ: **ഈ ശമ്പളവും അലവൻസുകളും നിയമനത്തിനുശേഷം നഷ്ടം വരത്തക്ക വിധത്തിൽ മാററി മറിക്കാനാവുമോ?**

ഉ: ഇല്ല.

## 222. ഒരു ഹൈക്കോടതിയിൽ നിന്നും മററാരു ഹൈക്കോടതിയിലേക്കുള്ള ജഡ്ജിമാരുടെ മാററം.

ചോ: **ഒരു ഹൈക്കോടതി ജഡ്ജിയെ മററൊരു ഹൈക്കോടതിയിലേക്ക് മാററാനാവുമോ?**

ഉ: ഉവ്വ്

**ചോ: ആർക്കാണ് ഇങ്ങനെ മാററാനുള്ള അധികാരമുള്ളത് ?**

ഉ: ഇന്ത്യയുടെ ചീഫ് ജസ്റ്റിസുമായി ഉപദേശം തേടിയതിനു ശേഷം രാഷ്ട്രപതിക്കാണ് ജഡ്ജിമാരെ ഇങ്ങനെ മാററാനുള്ള അധികാരമുള്ളത്.

**ചോ: ഇങ്ങനെ സ്ഥലമാററം ചെയ്യപ്പെട്ട ഒരു ജഡ്ജി തന്റെ ശമ്പളം കൂടാതെ രാഷ്ട്രപതി നിശ്ചയിക്കുന്നതോ, പാർലമെന്റ് തീരുമാനിക്കുന്നതോ ആയ മററു അലവൻസുകൾ അവകാശപ്പെടാൻ ബാദ്ധ്യസ്ഥനാണോ?**

ഉ: ഉവ്വ്. 1963 ലെ ഭരണഘടനാ ആക്ട് നിലവിൽ വന്നതിനുശേഷം ഈ അലവൻസുകൾ അവകാശപ്പെടാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്.

## 223. ആക്ററിംഗ് ചീഫ് ജസ്ററിസിന്റെ നിയമനം:-

**ചോ: ആക്ററിംഗ് ചീഫ് ജസ്ററിസായി ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിക്കുന്നത് ആരാണ്?**

ഉ: രാഷ്ട്രപതി

**ചോ: എപ്പോഴാണ് അദ്ദേഹം ഒരു ജഡ്ജിയെ ആക്ററിംഗ് ചീഫ് ജസ്റ്റിസ് ആയി നിയമിക്കുന്നത്?**

ഉ: ഹൈക്കോടതിയിലെ ഒരു ചീഫ് ജസ്റ്റിസിന്റെ പദവിയുടെ ഒഴിവിലോ അദ്ദേഹത്തിന്റെ കുറവിലോ, കടമകൾ നിർവ്വഹിക്കാനാവാനുള്ള അദ്ദേഹത്തിന്റെ കഴിവില്ലായ്മയിലോ, രാഷ്ട്രപതി ഒരു ഹൈക്കോടതി ജഡ്ജിയെ ആക്ററിംഗ് ചീഫ് ജസ്റ്റിസ് ആയി നിയമിക്കുന്നു.

## 224. അഡീഷണൽ ജഡ്ജിയുടെയും ആക്റ്റിംഗ് ജഡ്ജിയുടെയും നിയമനം.

**ചോ: എപ്പോഴാണ് രാഷ്ട്രപതിക്ക് ഒരു അഡീഷണൽ ജഡ്ജിയെ നിയമിക്കാൻ സാധിക്കുന്നത്?**

ഉ: കോടതിയുടെ താത്കാലികമായുണ്ടാകുന്ന അധിക ജോലി ചെയ്തു തീർക്കുവാനോ കുടിശിക ജോലി ചെയ്തു തീർക്കുവാനോ രണ്ടു വർഷത്തിൽകവിയാത്ത കാലാവധിക്ക് അഡീഷണൽ ജഡ്ജിയെ നിയമിക്കാവുന്നതാണ്.

**ചോ: എപ്പോഴാണ് രാഷ്ട്രപതി ആക്റ്റിംഗ് ജഡ്ജിയെ നിയമിക്കുന്നത്?**

ഉ: ഒരു സ്ഥിരം ജഡ്ജി അവധിയിലോ, മറ്റു ഡ്യൂട്ടിയിലോ, കടമകൾ ചെയ്യുവാനുള്ള കഴിവില്ലായ്മയിലോ ആയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്ത് സ്ഥിരം ജഡ്ജി വരുന്നതുവരെ ഒരു ആക്റ്റിംഗ് ജഡ്ജിയെ നിയമിക്കുന്നു.

**ചോ: ഒരു അഡീഷണൽ ജഡ്ജിയോ, ഒരു ആക്റ്റിംഗ് ജഡ്ജിയോ 62 വയസ്സ് പൂർത്തിയായതിനുശേഷവും തങ്ങളുടെ പദവിയിൽ പിന്തുടരാമോ?**

ഉ: ഇല്ല.

## 224 A. ഹൈക്കോടതി സിറ്റിംഗിനുള്ള റിട്ടയേർഡ് ജഡ്ജിമാരുടെ നിയമനം.

**ചോ: ഒരു ഹൈക്കോടതി ചീഫ് ജസ്റ്റിസിന് ആ കോടതിയിലെ തന്നെ ഒരു റിട്ടയേർഡ് ജഡ്ജിയോടൊ അല്ലെങ്കിൽ മറ്റേതെങ്കിലും ഹൈക്കോടതിയിലെ റിട്ട. ജഡ്ജിമാരോടൊ, ആ ഹൈക്കോടതിയിലെ തന്നെ ജഡ്ജി ആയി ഇരിക്കുവാൻ അപേക്ഷിക്കാമോ?**

ഉ: ഉവ്വ്, ചീഫ് ജസ്റ്റിസിന് രാഷ്ട്രപതിയുടെ സമ്മതത്തോടെ ഏത് സമയത്തും മേൽപ്പറഞ്ഞ പ്രകാരം അപേക്ഷിക്കാവുന്നതാണ്.

**ചോ: ആക്ടിംഗ് ജഡ്ജിന്റെ അധികാരങ്ങളും അവകാശങ്ങളും വിശേഷാധികാരങ്ങളും എന്തെല്ലാം?**

ഉ: ഹൈക്കോടതി ജഡ്ജിയുടെ എല്ലാ വിശേഷാധികാരങ്ങൾക്കും നിയമപരിധിക്കും രാഷ്ട്രപതി തീരുമാനിക്കുന്ന രീതിയിലുള്ള അലവൻസുകൾക്കും ആക്ടിംഗ് ജഡ്ജി അവകാശപ്പെടുന്നു.

**ചോ: അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ഒരു റിട്ട. ജഡ്ജിക്ക് ആക്ടിംഗ് ജഡ്ജിയാകാമോ?**

ഉ: അദ്ദേഹത്തിന്റെ സമ്മതമില്ലാതെ സാധ്യമല്ല.

## 225. ഹൈക്കോടതിയുടെ നിലവിലുള്ള അധികാര പരിധി.

**ചോ: എന്തെല്ലാമാണ് ഹൈക്കോടതിയുടെയും ആ കോടതിയിലെ ജഡ്ജിമാരുടെയും അധികാര നിയമപരിധി?**

ഉ: ഭരണഘടനയുണ്ടാകുന്നതിന് മുമ്പുതന്നെ നിലവിലുണ്ടായിരുന്ന എല്ലാ ഹൈക്കോടതികളും വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള അധികാരപരിധികളോടുകൂടി പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി അതാത് ഹൈക്കോടതികൾ അവയുടെ അധികാര പരിധികൾക്കകത്ത് നിയമനിർമ്മാണ സഭകൾ അനുയോജ്യമായ നിയമമുണ്ടാക്കുന്നത് വരെ തുടരുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

## 226. ചില റിട്ടുകൾ പുറപ്പെടുവിക്കുന്നതിൽ ഹൈക്കോടതിയുടെ അധികാരം

**ചോ: റിട്ടുകളും കൽപ്പനകളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നതിൽ ഹൈക്കോടതിയുടെ അധി**

കാരണങ്ങൾ എന്തെല്ലാം?

ഉ: ഹൈക്കോടതിക്ക് അതിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുതന്നെ ഉത്തരവുകളോ, നിർദേശങ്ങളോ ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ ക്വാ വാറന്റോ, സെർഷ്യോററി എന്നീ റിട്ടുകൾ കൊടുക്കുവാൻ അംഗീകാരമുണ്ടായിരിക്കും.

**ചോ: ഒരു ഹൈക്കോടതിക്ക് അതിന്റെ അധികാര പരിധിക്കുള്ളിൽ അല്ലാതെ വസിക്കുന്ന വ്യക്തികൾക്ക് മുകളിൽ പറഞ്ഞതായ റിട്ടോ, നിർദേശങ്ങളോ, ഉത്തരവോ പുറപ്പെടുവിക്കാൻ സാധിക്കുമോ?**

ഉ: ഉവ്വ്. ഹൈക്കോടതിക്ക് അതിന്റെ അധികാര പരിധിക്കുള്ളിൽ അല്ലാതെ വസിക്കുന്ന വ്യക്തികൾക്ക് മുകളിൽ പറഞ്ഞതായ റിട്ടോ, നിർദ്ദേശങ്ങളോ, ഉത്തരവോ പുറപ്പെടുവിക്കാൻ സാധിക്കുന്നു.

**ചോ: ആർക്കാണ് ഇതുണ്ടാക്കിയ ഒരു ഇടക്കാല കല്പനയുടെ ഒഴിവിനുവേണ്ടി ഹൈക്കോടതിയോട് അപേക്ഷിക്കുവാൻ സാധിക്കുന്നത്?**

ഉ: ഏതൊരു വ്യക്തിക്കും ഈ വകുപ്പനുസരിച്ച് ഒരു ഹർജിയെ സംബന്ധിക്കുന്ന ഏതെങ്കിലും നടപടിയിൽ ഒരു കേതി വിലക്കോ, സ്റ്റേയോ ഉണ്ടാക്കി ഒരു ഇടക്കാല കല്പനയ്ക്ക് വേണ്ടി ഹൈക്കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

**ചോ: എപ്പോഴാണ് ആ വ്യക്തിക്ക് ഒരു കല്പന ഒഴിവാക്കി തരുവാനായി കോടതിയോട് അപേക്ഷിക്കേണ്ടി വരുന്നത്?**

ഉ: ഇങ്ങനെയൊരു വിധി ഹൈക്കോടതിയിൽ നിന്നും പുറപ്പെടുവിക്കുമ്പോൾ ആ വിധിയിൽ ആവശ്യമായ കോപ്പികൾ ഇല്ലാതിരുന്നാലും പാർട്ടിക്ക് ഇത് കേൾക്കുവാനായി ഒരു അവസരം കൊടുക്കാതിരുന്നാലും കോടതിക്ക് ആർക്ക് അനുകൂലമായിട്ടാണോ വിധിവന്നത് അതിന്റെ

ആവശ്യമായ കോപ്പികൾ വിതരണം ചെയ്യുന്നതിനായി ഹൈക്കോടതിക്ക് ഒരു അപേക്ഷ എഴുതി സമർപ്പിക്കാവുന്നതാണ്.

**ചോ: ഇതിനുള്ള കാലയളവ് എന്താണ്?**

ഉ: അപേക്ഷയുടെ കോപ്പി സ്വീകരിച്ച തീയതി മുതലോ ഇത് സജ്ജീകരിച്ച തീയതി മുതലോ, രണ്ടാഴ്ചക്കുള്ളിൽ ഏതാണോ താമസിച്ചിട്ടുള്ളത്, അതാണ് ഇതിന്റെ കാലയളവ്.

**ചോ: മുകളിൽ പറഞ്ഞ കാലയളവിനുള്ളിൽ അപേക്ഷ വിട്ടുകൊടുത്തില്ലെങ്കിൽ എന്താണ് സംഭവിക്കുക?**

ഉ: അങ്ങനെ കാലാവധിക്കുള്ളിൽ അപേക്ഷ വിട്ടുകൊടുത്തില്ലെങ്കിൽ കാലാവധി തീരുന്നതുമുതൽ അസാധുവായി കരുതപ്പെടുന്നു.

## 227. എല്ലാ കോടതികളുടെയും മുകളിലുള്ള ഹൈക്കോടതിയുടെ അധികാരങ്ങൾ

**ചോ: എന്താണ് ഹൈക്കോടതിയുടെ അധികാരം?**

ഉ: ഈ വകുപ്പ് പ്രകാരം ഹൈക്കോടതിയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ കോടതികളുടെയും ട്രൈബ്യൂണലുകളുടെയും മുകളിൽ ഹൈക്കോടതിക്ക് അധികാരമുണ്ട്.

**ചോ: ഈ അവകാശങ്ങളാൽ ഹൈക്കോടതിയിൽ അധികാരപ്പെടുത്തിയിരിക്കുന്നത് എന്താണ്?**

ഉ: ഇതനുസരിച്ച്:

a) അത്തരം കോടതികളിൽ നിന്നും റിട്ടേണുകൾ ആവശ്യപ്പെടുവാനും,

b) അത്തരം കോടതികളുടെ നടപടികളെയും പ്രവർത്തനത്തെയും ക്രമീകരിക്കുവാൻ വേണ്ട സാമാന്യമായ നിയമ

ങ്ങൾ അവയ്ക്കുവേണ്ടി ഉണ്ടാക്കുവാനും.

c) അത്തരം കോടതികളിലെ ഉദ്യോഗസ്ഥന്മാർ സൂക്ഷിക്കേണ്ട അക്കൗണ്ടുകളുടെയും പട്ടികകളുടെയും ബുക്കുകളുടെയും ഒരു നിർദ്ദിഷ്ട ഫോറം നൽകുവാനും ഹൈക്കോടതികൾ നടത്തപ്പെട്ടിരിക്കുന്നു.

ചോ: **കീഴ്ക്കോടതികളിലെ വക്കീലന്മാർക്കും ക്ലാർക്കിനും മററ് ഓഫീസർമാരുടെയോ ക്രമീകരിച്ച ഫീസ് ഹൈക്കോടതിക്ക് നിശ്ചയിക്കാമോ?**

ഉ: ഉവ്വ്.

ചോ: **മുകളിൽ പറഞ്ഞവ നിയമ സാധുതയുള്ളതാക്കി തീർക്കുന്നതിനുള്ള അവകാശം എപ്പോഴാണ് ഹൈക്കോടതിക്ക് ലഭ്യമാകുന്നത്?**

ഉ: ഗവർണ്ണറുടെ മുമ്പേയുള്ള അംഗീകാരമുള്ളപ്പോഴോ, പ്രാബല്യത്തിലുമൊരു നടപടികളുടെ രൂപീകരണമുള്ളപ്പോഴോ നിയമ സാധുത ഉള്ളതാക്കിതീർക്കാവുന്നതാണ്.

ചോ: **ഈ വകുപ്പു പ്രകാരം പട്ടാളക്കാരുടെ ട്രൈബ്യൂണലിലോ, കോടതികളിലോ, ഹൈക്കോടതിക്ക് അധികാരമുണ്ടോ?**

ഉ: ഇല്ല.

## *228 ഹൈക്കോടതിയിലേക്ക് മാററുന്നതായ ചില കേസുകൾ.*

ചോ: **എപ്പോഴാണ് കീഴ്ക്കോടതികളിൽ നിന്നും കേസുകൾ ഹൈക്കോടതിയിലേക്ക് പിൻവലിക്കാവുന്നത്?**

ഉ: ഭരണഘടനാപരമായ വ്യാഖ്യാനം അർഹിക്കുന്ന നിയമവശം ഉൾക്കൊള്ളുന്ന ഒരു കേസ് അതിന്റെ അധികാര

പദവിയിലുള്ള കീഴ്ക്കോടതിയിൽ പെൻഡിംഗിലാണെന്നും ഒരു വിധിന്യായം ആ കേസ് അവസാനിപ്പിക്കാനാവശ്യമാണെന്നും ഹൈക്കോടതിക്ക് ബോധ്യമായാൽ ആ കേസ് പിൻവലിക്കാവുന്നതാണ്.

**ചോ: ഈ കേസ് പിൻവലിച്ചതിനു ശേഷം ഹൈക്കോടതി ചെയ്യേണ്ടതായ കാര്യങ്ങൾ?**

ഉ: കേസ് പിൻവലിച്ചതിനുശേഷം ഇവയ്ക്ക്:-

a) ഒന്നുകിൽ കേസ് പിന്തള്ളുന്നു.

b) വിധി പറയുകയോ, ഭരണഘടനാ പ്രശ്നം തീരുമാനിച്ചിട്ട് ആ കേസിനെ അത് നിലവിലിരിക്കുന്ന കീഴ്ക്കോടതിയിലേക്ക് തിരിച്ചയക്കുകയോ ചെയ്യും.

## 229. ഹൈക്കോടതിയുടെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും മററു ചിലവുകളും:-

**ചോ: ആർക്കാണ് ഹൈക്കോടതിയുടെ ഉദ്യോഗസ്ഥൻമാരെയും, ജീവനക്കാരെയും നിയമിക്കുവാനുള്ള അധികാരമുള്ളത്?**

ഉ: ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസിനാണ് ഈ അധികാരമുള്ളത്.

**ചോ: ആർക്കാണ് ഹൈക്കോടതിയുടെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും വ്യവസ്ഥകൾ തീരുമാനിക്കുന്നതിനുള്ള അധികാരമുള്ളത്?**

ഉ: ഈ വ്യവസ്ഥകൾ തീരുമാനിക്കുന്നതിനുള്ള അധികാരം കോടതിയിലെ ചീഫ് ജസ്റ്റിസിന് അല്ലെങ്കിൽ മററ് ഏതെങ്കിലും ജഡ്ജിക്കോ അല്ലെങ്കിൽ ചീഫ് ജസ്റ്റിസ് അധികാരപ്പെടുത്തുന്ന കോടതിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ആണ്.

**ചോ: ഹൈക്കോടതിയിലെ ഉദ്യോഗസ്ഥൻമാരെയും മററു ജീവനക്കാരെയും നിയമിക്കുന്ന കാര്യ**

ത്തിൽ ഗവർണർക്ക് കോടതിയോട് സംസ്ഥാനത്തിലെ പബ്ലിക് സർവ്വീസ് കമ്മീഷൻെറ ഉപദേശമാരായുവാനാവശ്യപ്പെടാമോ?

ഉ: ഉവ്വ്.

ചോ: അവരുടെ ശമ്പളം, അലവൻസ്, അവധി, പെൻഷൻ എന്നിവയെ സംബന്ധിച്ച നിയമങ്ങൾക്ക് ആരുടെ സമ്മതമാണ് വാങ്ങേണ്ടത്?

ഉ: മുകളിൽ പറഞ്ഞ വസ്തുതകളെ സംബന്ധിക്കുന്ന നിയമങ്ങൾക്ക് ഗവർണറുടെ സമ്മതമാണ് വാങ്ങേണ്ടത്.

ചോ: ഏതു ഫണ്ടിൽ നിന്നാണ് ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കുമുള്ള ശമ്പളവും, അലവൻസും, പെൻഷനും ഹൈക്കോടതിയുടെ മററു ഭരണകാര്യ ചിലവുകളും നടത്തിവരുന്നത്?

ഉ: ഇവയെല്ലാം നടത്തി വരുന്നത് സംസ്ഥാനത്തിലെ സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നാണ്.

*230. ഹൈക്കോടതിയുടെ അധികാരപരിധി കേന്ദ്രഭരണ പ്രദേശങ്ങളിലേക്ക് വികസിപ്പിക്കുക.*

ചോ: ഹൈക്കോടതിയുടെ അധികാര പരിധി വികസിപ്പിക്കാമോ?

ഉ: ഉവ്വ്. കേന്ദ്രഭരണ പ്രദേശത്തിന്മേലുള്ള ഒരു ഹൈക്കോടതിയുടെ അധികാര പരിധിയെ ഒഴിവാക്കുവാനോ, കൂട്ടിച്ചേർക്കാനോ, ആ കോടതിയുടെ അധികാരപരിധിയെ വർദ്ധിപ്പിക്കുകയോ, കൂട്ടിച്ചേർക്കുകയോ, ചെയ്യുവാൻ പാർലമെൻറിന് മാത്രമേ അധികാരമുള്ളൂ.

ചോ: കേന്ദ്രഭരണ പ്രദേശത്തിൻമേലുള്ള ഒരു ഹൈക്കോടതിയുടെ അധികാരപരിധിയെ ഒഴിവാ

കിയോ, കൂട്ടിച്ചേർത്തോ ആ കോടതിയുടെ അധികാര പരിധിയെ വർദ്ധിപ്പിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ ഉള്ള അധികാരം നിയമസഭയെ ദൗത്യപ്പെടുത്തുവാൻ ഭരണഘടനയ്ക്ക് സാധിക്കുമോ?

ഉ: ഇല്ല.

ചോ: കേന്ദ്രഭരണ പ്രദേശത്തിലുള്ള കീഴ്ക്കോടതികൾക്കുവേണ്ടി നിയമങ്ങൾ രൂപീകരിക്കുന്നതിനും മറ്റും ആരുടെ സമ്മതമാണ് വാങ്ങിയിരിക്കേണ്ടത്?

ഉ: രാഷ്ട്രപതിയുടെ സമ്മതം വാങ്ങിയിരിക്കണം.

231. രണ്ടോ, മൂന്നോ, സംസ്ഥാനങ്ങൾക്ക് വേണ്ടി പൊതുവായ ഒരു ഹൈക്കോടതിയുടെ ആവിഷ്കരണം.

ചോ: രണ്ടോ മൂന്നോ സംസ്ഥാനങ്ങൾക്ക് വേണ്ടിയോ, രണ്ടോ, അതിലധികമോ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങൾക്കും വേണ്ടിയോ പൊതുവായ ഒരു ഹൈക്കോടതി ആവിഷ്കരിക്കുന്നതിനുള്ള അധികാരം പാർലമെന്റിനുണ്ടോ?

ഉ: ഉണ്ട്.

ചോ: വ്യത്യസ്ത സംസ്ഥാനങ്ങളിലുള്ള കീഴ്ക്കോടതികൾക്കുവേണ്ടി നിയമങ്ങൾ രൂപീകരിക്കുന്നതിനും മറ്റും ആരുടെ സമ്മതമാണ് വാങ്ങേണ്ടത്?

ഉ: ഈ ഹൈക്കോടതിക്ക് അധികാര പരിധിയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണറുടെ സമ്മതം വാങ്ങിയിരിക്കണം.

Digitized by Thomas John Palekkudy for and
on behalf of NILA Educational & Entrepreneurial
Services Pvt. Ltd. Thomas John Palekkudy